# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2019 ഒക്ടോബർ – ഡിസംബർ
ലക്കം: 15



"പൈതങ്ങളെ എന്റെ അടുക്കൽ
വരുവാൻ വിടുവിൻ; അവരെ തടുക്കരുത്..."

# One - stop Solution for Building Materials

## with four decades of legacy
## @ Adoor and Kottarakkara

Being one of the shops that offer construction materials for over four decades Melathil has already developed a strong reputation for itself with its large scale range of quality and innovative products, unsurpassed service to the customers and value for money. Visit today




**Melathil**
*tile gallerio*

Near Railway Station, Kottarakkara. Mob: 9847663300, 9961253300




**Melathil**
HARDWARE CENTRE

Thatta Road, Adoor, Kerala.

**Ph: 04734 228274, 9847272877** • E-mail: melathilgroup@yahoo.co.in

JOHNSON · NITCO · SOMANY · RAK CERAMICS · AGL · VARMORA · SPARTEC · ap röyale · American Standard · GROHE · BENELAVE

REGINOX · ESSAR STEEL · METCON TMT BARS · UltraTech CEMENT · Dalmia · Dulux · KAFF · Hindware · Kriztle · DAMRO

ഹെർമ്മോൻ
ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ്സ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/-**

# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ
എഡിറ്റോറിയൽ

**8** **പൈതങ്ങൾ ദൈവത്തിന്റെ പ്രതീക്ഷ**
–തോമസ് ജോർജ്ജ്

**10** **ക്രിസ്തുവിന്റെ പള്ളിക്കൂടം**
–എബി പാപ്പച്ചൻ

**12** **പൈതങ്ങൾ ദൈവത്തിന്റെ പ്രതിരൂപങ്ങൾ**
–ലൗലി വർഗ്ഗീസ്

**14** **പ്രതീക്ഷകളെ തകർക്കുന്ന പുതിയ തലമുറ**
–ബെറ്റിന മറിയ തമ്പാൻ

**19** **യാക്കോബ് ഈജിപ്റ്റിൽ**
–റവ. ഐ. ജോർജ്ജ്

**21** **സ്നേഹത്തിന്റെ നൊമ്പരം**
–തങ്കമ്മ ശാമുവേൽ

**22** **മാർഗ്ഗദീപങ്ങൾ**
–ഷാരോൺ മറിയം ഷാജി

**23** **ഒരു കഴുതയുടെ അനുഭവസാക്ഷ്യം**
–കെ. ജി. തോമസ്

**25** **പുഞ്ചിരിതൂകുന്ന ചന്ദ്രൻ**
–ചാക്കോ വർഗ്ഗീസ്

**27** **പാചകവീഥി**
–സുമ ജോർജ്ജ്

**29** **വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്**
–ഷിൻസി തോമസ്

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

പ്രളയത്തിന്റെ ഭീതിയൊഴിഞ്ഞ് പുതിയൊരു ഓണക്കാലത്തേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിച്ചു. കഴിഞ്ഞ വർഷത്തെ പ്രളയം മദ്ധ്യകേരളത്തെ വല്ലാതെ ദുരിതത്തിലാഴ്ത്തിയെങ്കിൽ, ഈ വർഷത്തെ പ്രളയം വടക്കൻ കേരളത്തെ അധികമായി ബുദ്ധിമുട്ടിച്ചു. നമ്മുടെ സഭാംഗങ്ങൾ പാർക്കുന്ന ചുങ്കത്തറ, നിലമ്പൂർ ഉൾപ്പെടെ പലയിടങ്ങളിൽ അനേകർക്ക് ജീവഹാനിയും ജീവനോപാധികളുടെ നഷ്ടവും നേരിട്ടു. ഭൂമിതന്നെ ഇടിഞ്ഞിറങ്ങുന്ന പ്രതിഭാസം കവളപ്പാറ പോലെയുള്ള മലയോരമേഖലയിൽ ദർശിച്ചു. മണ്ണിനടിയിൽ അകപ്പെട്ട പല വ്യക്തികളുടെയും മൃതശരീരംപോലും കണ്ടെടുക്കുവാൻ കഴിയാത്ത ദുഃസ്ഥിതി നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുന്നതാണ്. ഭൂമിയുടെ സ്വഭാവികത ചൂഷണം ചെയ്ത് സന്തുലിതാവസ്ഥ ഹനിക്കുന്നതിന്റെ ഫലമാണ് ഇത്തരത്തിലുള്ള ദുരന്തങ്ങൾ. പ്രളയാനന്തരം പോലും ഖനനത്തിന് അനുമതി നൽകി എന്ന് കേൾക്കുന്നത് ഉത്തരവാദിത്തപ്പെട്ടവരുടെ മനുഷ്യരോടുള്ള നിർമ്മമതയായി മനസ്സിലാക്കുന്നു. പ്രകൃതി സംരക്ഷണത്തിന് അനുയോജ്യമായ കർശന നിയമങ്ങൾ നിലവിലുണ്ടെങ്കിലും അത് പാലിക്കുന്നതിൽ തെല്ലും കൂട്ടാക്കാതെ പോകുന്ന ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. മനുഷ്യന്റെ ആവാസവ്യവസ്ഥകൾ പാലിക്കുന്നതിൽ നാം എല്ലാവരും സാദ്ധ്യമായതെല്ലാം ചെയ്യുന്നത് ഒരു ആത്മീയ പ്രക്രിയയായി മനസ്സിലാക്കണം. അല്ലാത്തപക്ഷം ഭാവി ജനജീവിതംതന്നെ അസാദ്ധ്യമായിത്തീരും.

നമ്മുടെ രാജ്യത്തെ അന്തർദേശീയ തലത്തിൽ അഭിമാനത്തിന്റെ നെറുകയിൽ എത്തിക്കുവാൻ 'ചന്ദ്രയാൻ–2' പദ്ധതിയിലൂടെ നമ്മുടെ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞു. ഈ ഉദ്യമത്തിൽ കഠിനാദ്ധ്വാനം ചെയ്ത ശാസ്ത്രജ്ഞർ അഭിനന്ദനം അർഹിക്കുന്നു.

ഈ വർഷത്തെ ഭദ്രാസനദിന ക്രമീകരണങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച ഏവരോടും നന്ദി. ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരുന്ന ഭദ്രാസന വികസനഫണ്ട് വിഹിതവും അന്നേ ദിവസത്തെ സ്തോത്രകാഴ്ചയും പൂർണ്ണമായും എത്രയും വേഗം ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്. 2020 നമ്മുടെ ഭദ്രാസനം ഇപ്പോഴത്തെ നിലയിൽ രൂപീകൃതമായിട്ട് 40–ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഭദ്രാസന കൗൺസിലിന്റെ തീരുമാനപ്രകാരം 2020 **'റൂബി ജൂബിലി' വർഷമായി** വേർതിരിച്ച് നമ്മുടെ കുടുംബങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുന്നതിലേക്ക് **"കുടുംബ ദൃഢീകരണം"** (Family Emboldening) പ്രവർത്തനങ്ങൾ നടത്തുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. ഒരു ഫാമിലി കലണ്ടർ തയ്യാറാക്കുന്നതിലേക്ക് സൺഡേസ്കൂൾ കുട്ടികൾക്കുവേണ്ടി "കുടുംബം" എന്ന ആശയം പ്രതിഫലിപ്പിക്കത്തക്കവണ്ണം ചിത്രരചനാ മത്സരം നടത്തുകയുണ്ടായി. എഴുനൂറിൽപ്പരം കുട്ടികൾ ഇതിൽ പങ്കെടുത്തത് വളരെ ശ്ലാഘനീയമാണ്. ഏറ്റവും മെച്ചപ്പെട്ട പന്ത്രണ്ട് ചിത്രങ്ങൾ തിരഞ്ഞെടുത്ത് കലണ്ടറിന്റെ മുഖചിത്രങ്ങളായി ഉപയോഗിക്കുന്നതാണ്. കൂടാതെ കൺവൻഷനോടനുബന്ധിച്ച് മുഴുവൻ ചിത്രങ്ങളും പ്രദർശിപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. കുടുംബവിഷയം അധികരിച്ച് ഒരു വർഷം മുഴുവൻ ഉപയോഗിക്കത്തക്കവണ്ണം 365 ധ്യാനചിന്തകൾ അടങ്ങിയ പുസ്തകം പ്രസിദ്ധീകരിക്കുന്നതാണ്. നമ്മുടെ എല്ലാ ഭവനങ്ങളും ഈ ധ്യാനഗ്രന്ഥം കുടുംബപ്രാർത്ഥനാ വേളകളിൽ ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. ഈ പുസ്തകത്തെ അധികരിച്ച് ഇടവക, സെന്റർ ഭദ്രാസനതലത്തിൽ ഒരു ക്വിസ്മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. 'ഫാമിലി ഹാർമണി' എന്ന പേരിൽ ഇടവകകളിലും സെന്ററുകളിലും ഭദ്രാസനത്തിലും ഗാനമത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിക്കുന്നതാണ്. വിവാഹജീവിതത്തിൽ അൻപതും അതിലധികവും വർഷം പൂർത്തിയാക്കിയവരെ പ്രത്യേകം ക്ഷണിച്ച് വരുത്തി ആദരിക്കുന്നതിനുള്ള ക്രമീകരണവും ഉണ്ടായിരിക്കും. കുടുംബത്തെക്കുറിച്ച് യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഉപന്യാസമത്സരം നടത്തി സമ്മാനങ്ങൾ

നൽകുന്നതിനും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. 2020 ജനുവരി 01–ാം തീയതി ബുധനാഴ്ച ഭദ്രാസന കൺവൻഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് 'റൂബി ജൂബിലി' വർഷം അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി വിളംബരം ചെയ്യുന്നതാണ്. 2021 ജനുവരി 10–ാം തീയതി ആ വർഷത്തെ ഭദ്രാസന കൺവൻഷൻ സമാപനത്തോടനുബന്ധിച്ച് 'റൂബി ജൂബിലി മഹാസംഗമം' നടത്തുന്നതാണ്. കൂടാതെ ഓരോ സെന്ററും സൗകര്യപ്രദമായ ദിനങ്ങളിൽ സെന്റർ കുടുംബസംഗമം ക്രമീകരിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളെല്ലാംതന്നെ നമ്മുടെ കുടുംബജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതിനും ശക്തീകരിക്കുന്നതിനും ഇടയാകണമെന്ന വലിയ ആഗ്രഹത്തോടെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിലേക്ക് നമ്മുടെ ഭദ്രാസനത്തിൽപ്പെട്ട എല്ലാ കുടുംബങ്ങളുടെയും പ്രാർത്ഥനാപൂർവ്വമായ പങ്കാളിത്തവും സഹായസഹകരണവും ഉണ്ടായിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ഉന്നമനം ലക്ഷ്യമാക്കി നടന്നുവരുന്ന 'വിജയവഴി' ക്യാമ്പ് സെപ്റ്റംബർ 12, 13, 14 തീയതികളിൽ നടത്തുന്നതിന് സാധിച്ചു. അത്യുത്സാഹപൂർവ്വം കുട്ടികൾ ഇതിൽ സംബന്ധിച്ചു. പള്ളിപ്പാട് ദീപ്തി സ്കിൽ ഡവലപ്പ്മെന്റ് & റിഹാബിലിറ്റേഷൻ സെന്ററിന്റെ ഒന്നാമത് വാർഷികകൂടിവരവും ഓണാഘോഷവും സമുചിതമായി കൊണ്ടാടി. തറയിൽകടവ്–പുതുപ്പള്ളി മിഷൻ കേന്ദ്രങ്ങളിൽ തദ്ദേശീയരോടൊത്ത് ഓണാഘോഷം സമുചിതമായി നടത്തി.

ഏറെക്കാലത്തെ പ്രാർത്ഥനയുടെയും പ്രവർത്തനങ്ങളുടെയും ഫലമായി നമ്മുടെ ചാത്തന്നൂർപുഴ ശാലേം ഇടവകയുടെ പുതിയ ദേവാലയത്തിന്റെ കൂദാശ ആഗസ്റ്റ് 15–ാം തീയതി നിർവ്വഹിക്കുന്നതിന് കഴിഞ്ഞു. ഭദ്രാസനമായി നടത്തിവരുന്ന ഒന്നാം ശനിയാഴ്ചയിലെ കരിസ്മാറ്റിക് കൂടിവരവും മൂന്നാം വെള്ളിയാഴ്ച നടക്കുന്ന മുഴുരാത്രി പ്രാർത്ഥനയും യുവജനങ്ങൾക്കായുള്ള കോർഗ്രൂപ്പ് കൂടിവരവും ക്രമീകൃതമായി നടന്നുവരുന്നു. ആർദ്രത പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനത്തോടനുബന്ധിച്ച് 4–ാം ശനിയാഴ്ചതോറും മുതിർന്ന അംഗങ്ങൾക്കുവേണ്ടി 'പകൽവീട്' ക്രമീകരിച്ചുവരുന്നു. ഇവയിലെല്ലാം താല്പര്യപൂർവ്വം പങ്കെടുക്കുന്നതിന് ഉത്സാഹിക്കണം.

ഈ വർഷത്തെ ഭദ്രാസന വൈദീക കോൺഫ്രൻസ് സെപ്റ്റംബർ 2 മുതൽ 5 വരെയുള്ള ദിവസങ്ങളിൽ കുമരകം റോയൽ റിവേരാ സെന്ററിൽവെച്ച് നടത്തപ്പെട്ടു. സജീവസേവനത്തിലുള്ള മുഴുവൻ വൈദികരും വിരമിച്ച വൈദികരും ഉൾപ്പെടെ 70 വൈദികർ ഇതിൽ സംബന്ധിച്ചു.

നമ്മുടെ ഭദ്രാസനത്തിൽനിന്നും ഈ വർഷം മൂന്ന് പേർ പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ചു. അവർക്ക് എല്ലാ ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. ഈ വർഷം പട്ടം സ്വീകരിച്ച ദിവ്യശ്രീ. റെക്സ് തോമസ് കശീശ്ശാ കറ്റാനം ഇടവകയുടെ സഹവികാരിയായും ദിവ്യശ്രീ. വിപിൻ സാം തോമസ് കശീശ്ശാ ഐരാണിക്കുടി ഇമ്മാനുവേൽ, പാറ്റൂർ ഇമ്മാനുവേൽ ഇടവകകളുടെ വികാരിയായും ആഗസ്റ്റ് 1–ാം തീയതി മുതൽ ശുശ്രൂഷയിൽ പ്രവേശിച്ചു. പ്രാർത്ഥനാപൂർവ്വം സ്വാഗതം ചെയ്യുന്നു.

നവംബർ ഒന്നാം ഞായറാഴ്ച 'അഖിലലോക സൺഡേസ്കൂൾദിനത്തോടനുബന്ധിച്ച് സെന്റർ അടിസ്ഥാനത്തിൽ സൺഡേസ്കൂൾ കുട്ടികളുടെ റാലിയും പൊതുയോഗവും നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഈ വർഷവും മുൻവർഷത്തെപ്പോലെ 'സൃഷ്ടിക്കൊരു സങ്കീർത്തനം' എന്ന ക്രിസ്തുമസ്–ഗാനശുശ്രൂഷ ഡിസംബർ 8–ാം തീയതി ഞായറാഴ്ച വൈകിട്ട് 5.30 ന് അടൂർ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

അടുത്ത ഭദ്രാസന കൺവൻഷൻ 2020 ജനുവരി 01 മുതൽ 05 വരെ (ബുധൻ – ഞായർ) നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു. ഭദ്രാസനത്തിന്റെ എല്ലാ ഇടവകകളിൽനിന്നും വാഹനങ്ങൾ ക്രമീകരിച്ച് ഓരോ യോഗത്തിലും സംബന്ധിക്കുവാൻ ഉത്സാഹിക്കണം.

പ്രിയരെ, 2020–ലേക്ക് നാം പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ കഴിഞ്ഞകാലങ്ങളിൽ അനുഭവിച്ച ദൈവകൃപകളെ നന്ദിയോടെ ഓർക്കാം. നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ, പുത്തൻ പ്രതീക്ഷകളോടെ പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

Mar Paulos +

ഹെർമ്മോൻ അരമന, അടൂർ
2019 ഒക്ടോബർ 1

ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ



# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ......

**അ**ഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ ദർശനവും പ്രോത്സാഹനവും കർമ്മശേഷിയും നമ്മുടെ ഭദ്രാസനത്തിന്റെ വളർച്ചയിൽ മുഖാന്തരീഭവിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ 2018-2019 ലെ ഭദ്രാസന അസംബ്ളി ജൂലൈ 13-ന് അനുഗ്രഹപ്രദമായി നടന്നു. റവ. ഡോ. മോനി മാത്യു ധ്യാനപ്രസംഗം നടത്തി. അസംബ്ളിയിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം. ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ കൂട്ടിവരവ് ആഗസ്റ്റ് 11-ന് നടന്നു. തിരുമേനിയെ കൂടാതെ റവ.ഡോ. എസ്. ഷാം പി. ശ്രീ. തോമസ്, ജേക്കബ് ഏബ്രഹാം സി.എ. എന്നിവർ നേതൃത്വം നൽകി. മുന്നൂറിൽ അധികം ആളുകൾ ഇതിൽ പങ്കെടുത്തു.

ഭദ്രാസനദിനവും ധനശേഖരണവും ആഗസ്റ്റ് 18-ന് നടന്നല്ലോ. അന്നത്തെ ധനശേഖരണം പൂർത്തീകരിച്ച് ഭദ്രാസന ഓഫീസിൽ താമസംവിനാ അടയ്ക്കണം.

വിജയവഴിയുടെ മൂന്ന് ദിവസത്തെ ക്യാമ്പ് സ്പിരിച്വാലിറ്റി സെന്ററിൽ സെപ്റ്റംബർ 12 മുതൽ നടന്നു. ഒരുദിവസം തായിൽകടവ് മിഷൻഫീൽഡ് സന്ദർശിച്ചു. നേതൃത്വം നൽകിയ പി.എൻ. അലക്സാണ്ടർ അച്ചനോടും ടീമിനോടുമുള്ള നന്ദി അറിയിക്കുന്നു.

അനുഗ്രഹ ഡീ-അഡിഷൻ ക്യാമ്പ് ക്രമമായി നടന്നുവരുന്നു. പകൽവീടിന്റെ ഒരു കൂട്ടിവരവ് ആഗസ്റ്റ് മാസം 31-ാം തീയതി നടന്നു. എല്ലാ മാസവും നടത്തുവാൻ ആഗ്രഹിക്കുന്നു. കൂടാതെ ആദ്യശനിയാഴ്ച നടത്തപ്പെടുന്ന റിവൈവൽ മീറ്റിംഗ്, മൂന്നാം വെള്ളിയാഴ്ച നടത്തപ്പെടുന്ന മുഴുരാത്രി പ്രാർത്ഥന, ഭദ്രാസന-സെന്റർ-ഇടവകതലത്തിലുള്ള പാലിയേറ്റീവ് മിഷൻ പ്രവർത്തനങ്ങൾ എന്നിവ ഭംഗിയായി നടന്നുവരുന്നു.

ഡിസംബർ 8-ാം തീയതി സൃഷ്ടിക്കൊരു സങ്കീർത്തനം യൂത്ത് സെന്ററിൽവെച്ചും ഭദ്രാസന കൺവൻഷൻ 2020 ജനുവരി 1 മുതൽ കൺവൻഷൻ നഗറിൽവെച്ചും നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. 2020 കുടുംബം ദൃഢീകരണ വർഷമായി ക്രമീകരിക്കുന്നു. അതിനുള്ള പരിപാടികളും ആസൂത്രണം ചെയ്യുന്നു. നമ്മുടെ ഭദ്രാസനം 40 വർഷം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി റൂബി ജൂബിലി ആഘോഷിക്കാനുള്ള ക്രമീകരണവും ഉണ്ട്. അതിനായി വിവിധ സബ്കമ്മിറ്റികളും, ജനറൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



Editorial

## പൈതങ്ങൾ ദൈവരാജ്യത്തിന്റെ മുത്തുകൾ... നന്മയുടെ മൊട്ടുകൾ...

ശൈശവത്തിന്റെ മനോഹാരിതയെ മഹത്വീകരിച്ച ആംഗലേയ കവിയാണ് വില്യം വേഡ്സ് വർത്ത്. "ഈ ലോകത്തെ സുന്ദരമാക്കി ത്തീർക്കുന്നത് ശിശുക്കളും പൂക്കളുമാണ്." ദൈവത്തിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുന്ന മനോഹരപുഷ്പങ്ങളാണവർ. ദൈവരാജ്യത്തിന്റെ മുത്തുകളായ ഇവർ സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തി ന്റെയും മുതൽക്കൂട്ടുകളാണ്. തിന്മനിറഞ്ഞ ലോകത്തിൽ നന്മയുടെ മൊട്ടുകളായി വിടരുവാൻ അവസരം ഒരുക്കിക്കൊടുക്കേണ്ടുന്നവരാണ് നാം.

ലോക ജനസംഖ്യയിൽ 40 ശതമാനം 14 വയസ്സിൽ താഴെയുള്ള കുട്ടി കളാണ്. ഒമ്പത് കോടിയിലധികം കുട്ടികൾ വിശപ്പിന്റെ പിടിയിലാണ്. ഒന്ന രക്കോടിയോളം കുട്ടികൾ എയ്ഡ്സ് രോഗബാധിതരാണ്. 50 ശതമാനം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഏറെ കുഞ്ഞുങ്ങൾ ലിംഗഭേദമെന്യേ ലൈംഗീക ചൂഷണത്തിന് വിധേയരാകുന്നു. ലോക ത്തിലെ വ്യത്യസ്ത മത-സാംസ്കാരിക-ഭാഷാവൈവിധ്യങ്ങളിൽ ജീവി ക്കുന്ന ഇവർ അസംഘടിതരും അസ്വസ്ഥരുമാണ്. ഇവിടെയാണ് പൈത ങ്ങൾ ദൈവത്തിന്റെ പ്രതീക്ഷയെന്നുള്ള ബോധ്യം നമ്മിൽ വളരേണ്ടത്.

രവീന്ദ്രനാഥ് ടാഗോറിന്റെ ശാന്തിനികേതനിൽ ഒരാൾ താൻ വരച്ച ചിത്രവുമായി വന്നു. ദീർഘനേരം ചിത്രം വീക്ഷിച്ച ശേഷം ടാഗോർ പറഞ്ഞു: "ഈ ചിത്രം അപൂർണ്ണമാണ്. ഈ ചിത്രത്തിൽ ധാരാളം പക്ഷികളുണ്ട്, പൂക്കളുണ്ട്, നീർചാലുകളുണ്ട്, മരങ്ങളുണ്ട്. പക്ഷേ, കുഞ്ഞുങ്ങൾ ഇല്ല, അതുകൊണ്ടുതന്നെ ഈ ചിത്രം അപൂർണ്ണമാണ്.

ദൈവത്തിന്റെ വാഗ്ദാനവും വരദാനവും വർണ്ണഭംഗിയുമായ ഇവരെ പ്രതീക്ഷയോടും പ്രതിബദ്ധതയോടും പരിപോഷിപ്പിക്കുവാനും പരിചരി ക്കുവാനും നാം എല്ലാവരും ബാധ്യസ്ഥരാണ്. അപ്രകാരം അവരിലെ സാധ്യ തകളെ അറിയുവാൻ (To acknowledge the possibilities of the children) സർഗാ ത്മകഴിവുകളെ അംഗീകരിക്കുവാൻ (To accept the performance of the children) സാമർത്ഥ്യത്തെ അഭിനന്ദിക്കുവാൻ (To appreciate the potentiality of the children) സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

**റവ. പി.ജെ. തോമസ്**
*ചീഫ് എഡിറ്റർ*

# പൈതങ്ങൾ ദൈവത്തിന്റെ പ്രതീക്ഷ

ദൈവം മനോഹരമായ ഭൂമിയെ സൃഷ്ടിച്ച് (ഏദൻതോട്ടം) മനുഷ്യന്റെ കൈകളിൽ ഏൽപ്പിച്ചത് മൂന്ന് ഉദ്ദേശങ്ങളോടുകൂടിയാണ്. ഒന്ന്: തോട്ടം സൂക്ഷിക്കണം, രണ്ട്: സമൃദ്ധമാക്കണം, മൂന്ന്: ചോദിക്കുമ്പോൾ തിരികെ നൽകണം. എന്നാൽ ഏൽപ്പിക്കപ്പെട്ടവർ വിശ്വസ്തത പുലർത്തിയില്ല. ആയതിനാൽ അവർ പാപം ചെയ്തതായി പ്രഖ്യാപിച്ച് തോട്ടത്തിൽനിന്നും പുറത്താക്കിക്കളഞ്ഞു.

ഓരോ പൈതലും ജനിക്കുമ്പോൾ ദൈവം ഏൽപ്പിക്കുന്ന മൂന്ന് ഉത്തരവാദിത്തങ്ങൾ കൂടി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

*1. ഭൗതിക മാലിന്യങ്ങളിൽനിന്നും അന്യമാക്കുക*
*2. ജ്ഞാനിയാക്കുക*
*3. തിരികെ നൽകുക*

ഈ കടമകൾ നിർവ്വഹിക്കുന്നതിന് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളും ഗുരുക്കന്മാരുമാണ്. അതുകൊണ്ടുതന്നെയാണ് 'അകക്കണ്ണു തുറക്കാൻ ആശാൻ വാല്യത്തിലെത്തണ'മെന്ന് കവി പാടിയത്. വേദപുസ്തകാടിസ്ഥാനത്തിൽ കുഞ്ഞുങ്ങളെപ്പറ്റി നാം ചിന്തിക്കുമ്പോൾ താഴെപ്പറയുന്ന വസ്തുതകൾ വ്യക്തമാകും.



**തോമസ് ജോർജ്ജ്**
**അക്കാഡമിക് ഡയറക്ടർ**
**പത്മശ്രീ സെൻട്രൽ സ്കൂൾ**

**1. കുഞ്ഞുങ്ങൾ–ദൈവിക പദ്ധതി (Creative Plan)**

ഉല്പത്തി 1:28–ൽ പറയുന്നു, "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി... സകല ഭൂചരജന്തുവിന്മേലും വാഴുവിൻ.' ഇതാണ് ഒരു മനുഷ്യന്റെ ജനനംകൊണ്ട് ദൈവം ആഗ്രഹിക്കുന്നത്. 'വാഴുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'ഉത്തരവാദിത്വം' ഏറ്റെടുക്കുക എന്നതാണ്. ആയതിനാൽ ഭാവിയിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കത്തക്കവണ്ണം കുഞ്ഞിനെ ചെറുപ്രായം മുതൽ പ്രാപ്തമാക്കണം.

**2. കുഞ്ഞുങ്ങൾ–കുടുംബത്തിനുള്ള സമ്മാനം (Gift from God to family)**

മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ (സങ്കീ. 127:3). സമ്മാനം വിലമതിക്കുന്നത് വിലയുടെ അടിസ്ഥാനത്തിനല്ല, ആരിൽനിന്നും ലഭിച്ചു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെയെങ്കിൽ സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ദൈവീക സമ്മാനമായ കുഞ്ഞുങ്ങൾ ഓരോ മാതാപിതാക്കൾക്കും വിലപ്പെട്ടതാണ്. അതിനെ സംരക്ഷിക്കേണ്ടത് ധാർമ്മിക ഉത്തരവാദിത്തമാണ്. തരുന്നവർക്കും സ്വീകരിക്കുന്നവർക്കും സമ്മാനം ഒരുപോലെ സന്തോഷപ്രദമാണ്.



**3. കുഞ്ഞുങ്ങൾ – പരിശീലനം/ദിശാബോധം ലഭിക്കേണ്ടവർ**

'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല.' (സദൃശ. 22:6) Children need solid structure to keep their social, emotional, spiritual and physical growth in right track. ഇവിടെ മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും സമൂഹത്തിന്റെയും പ്രസക്തി പ്രധാനമാണ്.

'ബാലലതകണക്കുള്ള ബാലനിർമ്മലമാനസം

ചാലേ സന്മാർഗ്ഗവൃക്ഷത്തിൽ നേരെ പടർത്തണം'

ചായുന്ന പൂവള്ളികളെ ആകർഷകമായ രീതിയിൽ പടർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. IT enable smart class room കളിൽ വളരുന്ന നമ്മുടെ കുഞ്ഞുങ്ങൾ നിത്യജീവിതപ്രയാണത്തിൽ പലപ്പോഴും പതറിപ്പോകുന്നതായി കാണുന്നു. കുട്ടികൾ ധാരാളം information സ്വായത്താക്കുന്നു. ഇന്റർനെറ്റുകളിൽ പരതുന്ന കുട്ടികളിൽനിന്നും വായനാശീലം ക്ഷമാശീലം വർദ്ധിപ്പിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല. Google provides various selections and paths. എന്നാൽ ഏതു തെരഞ്ഞെടുക്കണം എന്ന പരമപ്രധാനകാര്യം നൽകുന്നില്ല. അതിനു തീർച്ചയായും അദ്ധ്യാപകന്റെ മുഖത്തുനിന്നുള്ള പഠനം അത്യാവശ്യമാണ്. Google cannot replace a teacher. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ തൊട്ടുണർത്താൻ ആശാൻ ബാല്യത്തിൽ തന്നെ എത്തണം.

'Activity oriented curriculum' പിൻതുടരുന്ന നമ്മുടെ പൈതങ്ങളെ, തന്നവൻ തിരികെ ചോദിക്കുമ്പോൾ ശമുവേൽബാലനെ ഏലിപുരോഹിതന് ഏൽപ്പിച്ചുകൊടുത്തതുപോലെ നമുക്ക് ഏൽപ്പിക്കുവാൻ സാധിക്കുമോ? Rate of acquiring negative information is much greater than that of positive information. കളയും വിളയും തിരിച്ചറിയാനുള്ള കഴിവ് നേടാൻ ഉതകുന്നതാകണം ആനുകാലിക വിദ്യാഭ്യാസം.

ദേശീയ വിദ്യാഭ്യാസ നയം (2020–30) കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ സ്കൂൾ വിദ്യാഭ്യാസം മൂന്നാം വയസ്സിൽ ആരംഭിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത് (ഇപ്പോൾ ആറാം വയസ്സിലാണ് ഒന്നാം ക്ലാസിൽ ചേർക്കുന്നത്). വളരെ ചെറുപ്രായത്തിൽതന്നെ മൂല്യബോധമുള്ള തലമുറയെ പടുത്തുയർത്താൻ ഇത് ഉപകരിക്കുമെന്ന് കരുതുന്നു. സദൃശ്യവാക്യങ്ങൾ 29:17, സംഖ്യാ. 32:17 ഭാഗങ്ങളിൽ കുട്ടികളെ ശിക്ഷിക്കുക എന്നും കുഞ്ഞുകുട്ടികൾ ദേശത്തിലെ നിവാസികൾ നിമിത്തം ഉറപ്പുള്ള പട്ടണങ്ങളിൽ പാർക്കട്ടെ എന്നും പ്രതിപാദിക്കുന്നു. ഈ കാലഘട്ടത്തിൽ കുഞ്ഞുങ്ങളുടെ സുരക്ഷിതത്വം വളരെ പ്രധാനപ്പെട്ടതാണ്. Children need protection from social evils - drugs and alcohol addiction, child labour, physical abuse etc. വിവാഹപരസ്യങ്ങളിലും മറ്റും profile പരിശോധിക്കുമ്പോൾ 'social drinking' എന്ന 'quality' സർവ്വസാധാരണമായി കാണുന്നു. മാതാപിതാക്കൾ ഈ കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളാകണം. ആവശ്യം, അത്യാവശ്യം, അനാവശ്യം – ഇവ തിരിച്ചറിയാനുള്ള കഴിവ് കുട്ടികൾക്കുണ്ടാകണം. പുതിയ തലമുറ പെട്ടെന്നുള്ള ലാഭത്തിനായി Real Estate, മറ്റ് സമ്പാദ്യപദ്ധതികൾ ഇവയിലേക്ക് എടുത്തുചാടുകയും പ്രതീക്ഷിച്ച നേട്ടങ്ങൾ ലഭ്യമാകാതെ മാനസിക പിരിമുറുക്കത്തിൽ ആകുകയും ചെയ്യുന്നു. ഷോപ്പിംഗ് മാളുകളും ബ്രാന്റഡ് ഉൽപ്പന്നങ്ങളും മുന്നോട്ടുവെയ്ക്കുന്ന പ്രലോഭനങ്ങളിൽപ്പെടാതെ മനസ്സിനെ ഒരുക്കിയെടുക്കാൻ കുഞ്ഞുങ്ങൾക്കു സാധിക്കണം. 'കടം ഒരു കെണിയാണ്' എന്നു മനസ്സിലാക്കണം. വിശുദ്ധ പൗലോസ് പറയുന്നതുപോലെ ലഭ്യതയിലും ഇല്ലായ്മയിലും ജീവിക്കാനുള്ള പരിശീലനം വളരെ ചെറുപ്പത്തിൽതന്നെ പൈതങ്ങൾക്ക് ഉണ്ടാകണം. വരവും ചെലവും ക്രമീകരിക്കാൻ ജീവിതത്തിൽ അച്ചടക്കം അത്യാവശ്യമാണ്. Credit card സംസ്കാരം അമേരിക്കപോലെയുള്ള രാജ്യങ്ങളിൽ വ്യക്തിജീവിതത്തിൽ ഉണ്ടാക്കിയ വിപത്തുകൾ നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ആയതിനാൽ യുവതലമുറ വളരെ സൂക്ഷ്മതയോടുകൂടി ഇവ കൈകാര്യം ചെയ്യണം.

**4. കുഞ്ഞുങ്ങൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ (blessed by God) മർക്കോസ് 10:16**

'അവൻ അവരെ അണച്ച് അവരുടെമേൽ കൈവെച്ചു അവരെ അനുഗ്രഹിച്ചു.' ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട, നന്മയുടെ പ്രതീകങ്ങളാണ് കുഞ്ഞുങ്ങൾ. ലേഖകൻ ഇടുക്കിയിൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ആയി പ്രവർത്തിക്കുന്ന കാലം. ഒരു കുട്ടിയുടെ വീട് സന്ദർശിക്കാൻ സഹപ്രവർത്തകരോടൊപ്പം പോയി. തേയിലത്തോട്ടങ്ങളും പുഴകളും കാടുകളും കടന്ന് വീട്ടിലെത്തി. വീട്ടിലേക്ക് കയറുന്ന കുറെ ഭാഗം കരിങ്കല്ലു പാകിയിരുന്നു. വീട്ടിലെത്തിയ ഞങ്ങളെ പരിമിതിക്കുള്ളിൽ അവർ സ്വീകരിച്ചു. തിരികെ പോരുമ്പോൾ മൂന്നാം ക്ലാസിൽ പഠിക്കുന്ന ഇളയകുട്ടി ഞങ്ങളോടൊപ്പം നടന്നു. കല്ലുപാകിയിരിക്കുന്നതിനിടയിൽ വളർന്നുനിൽക്കുന്ന ചെറിയ കുറ്റിച്ചെടികൾ പറിച്ചുവൃത്തിയാക്കണമെന്ന് പറഞ്ഞു. ഉടനടി ആ കുഞ്ഞ് പറഞ്ഞു: അത് പിഴുതുകളയുകയില്ല; എന്റെ കൊച്ചച്ചൻ വരുമ്പോൾ ഇതിന്റെ ഇലയിട്ട് വെള്ളം തിളപ്പിച്ച് കൊടുക്കാനുള്ളതാണ്. കൊച്ചച്ചന് മൂത്രത്തിൽ കല്ലിന്റെ അസുഖമുണ്ടെന്ന് അവൾ പറഞ്ഞു. ഇതാണ് കല്ലുരുക്കുന്ന സ്നേഹം. ഇങ്ങനെ ഹൃദയശുദ്ധിയുള്ള പൈതങ്ങളെ നോക്കി ക്രിസ്തു പറയുന്നു: "അവർക്കാണ് സ്വർഗ്ഗരാജ്യം. അവർ എന്നോടുകൂടെ വസിക്കും." എല്ലാറ്റിലും തെറ്റുകുറ്റങ്ങൾ മാത്രം കണ്ടുപിടിക്കുന്ന സ്വഭാവം ഇത്തരത്തിലുള്ള വാൽസല്യനിധികളെ മറന്നുപോകുന്നു.

ഒരു കാലത്ത് ലോകവിദ്യാഭ്യാസ രംഗത്ത് പ്രത്യേക സ്ഥാനമായിരുന്നു കേരളത്തിനുണ്ടായിരുന്നത്. എന്നാൽ ഇന്ന് അത് തലകുത്തി താഴെവീണിരിക്കുന്നു. ഈ അധഃപതനത്തിന്റെ കാരണം കണ്ടുപിടിച്ചു പരിഹരിക്കാൻ അടിയന്തിരശ്രമം ആവശ്യമാണ്. കുട്ടികളുടെ മെച്ചപ്പെട്ട ഗുണനിലവാരം മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും അദ്ധ്യാപകരും രക്ഷിതാക്കളും ഉണ്ടാകണം. നേതൃത്വത്തിന്റെ പിടിപ്പുകേടുകൊണ്ടും ദീർഘവീക്ഷണമില്ലായ്മ കൊണ്ടും വന്നുപോകുന്ന ദുരന്തങ്ങളിൽനിന്നും വിദ്യാർത്ഥിസമൂഹത്തെ രക്ഷിക്കേണ്ടിയിരിക്കുന്നു. ❖




# ക്രിസ്തുവിന്റെ പള്ളിക്കൂടം



**എബി പാപ്പച്ചൻ**
തേവലക്കര ഇമ്മാനുവേൽ

**ലോ**കം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉദാത്തമായ വിദ്യാഭ്യാസകേന്ദ്രമായിരുന്നു ക്രിസ്തുവിന്റെ പള്ളിക്കൂടം. ആ പള്ളിക്കൂടത്തിൽ പന്ത്രണ്ട് ശിഷന്മാരും ഒരു അദ്ധ്യാപകനുമായിരുന്നു ഉണ്ടായിരുന്നത്. അവിടെ മൂന്ന് വർഷക്കാലം മാത്രമാണ് അധ്യയനം നടന്നത്. ലോകത്തെ മാറ്റിമറിച്ച പ്രത്യയശാസ്ത്രങ്ങളുടെയെല്ലാം അടിസ്ഥാനഘടകമായി ക്രിസ്തുവിന്റെ പള്ളിക്കൂടവും അവിടുത്തെ അദ്ധ്യയനവും മാറുന്നതാണ് ലോകചരിത്രത്തിൽ നമുക്ക് പിന്നീട് കാണുവാൻ കഴിയുന്നത്. മഹാത്മാ ഗാന്ധിയും മാർട്ടിൻ ലൂഥർ കിംഗും കാൾ മാക്സുമൊക്കെ തങ്ങളുടെ തത്വശാസ്ത്രരൂപീകരണത്തിന് ബൈബിളിനെയും ക്രിസ്തുവിന്റെ പള്ളിക്കൂടത്തെയും ആശ്രയിച്ചിട്ടുള്ളതായി സൂക്ഷ്മമായ നിരീക്ഷണത്തിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. മദർ തെരേസയെപ്പോലെയുള്ള ആയിരങ്ങൾക്ക് ജീവിതവീക്ഷണം രൂപീകരിക്കുന്നതിനും ഈ പള്ളിക്കൂടം സഹായിച്ചിട്ടുണ്ട്. കേവലം മൂന്ന് വർഷം മാത്രം നീണ്ടുനിന്ന പന്ത്രണ്ട് ശിഷ്യന്മാരും ഒരു ഗുരുവും മാത്രമുള്ള പള്ളിക്കൂടം എങ്ങനെയാണ് ഈ സഹസ്രാബ്ദങ്ങളും പിന്നിട്ട് രാജ്യങ്ങളും ഭൂഖണ്ഡങ്ങളും കടന്ന് ലോകത്തെയാകെ നിയന്ത്രിക്കുന്ന ഒരു മഹാവിദ്യാലയമായി അതു മാറി.

**കരിക്കുലം....**

ക്രിസ്തുവിന്റെ പള്ളിക്കൂടത്തിലെ പഠനവിഷയങ്ങളുടെ വൈവിദ്ധ്യവും വ്യത്യസ്തതയും ശ്രദ്ധേയമാണ്. അടിസ്ഥാനപരമായി സ്നേഹം എന്ന വിഷയമായിരുന്നു അവിടെ പഠിപ്പിച്ചിരുന്നത്. മനുഷ്യർ തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മനുഷ്യനും ദൈവവും തമ്മിലുമുള്ള സ്നേഹത്തിന്റെ തലങ്ങൾ പഠനവിഷയമായി. മനുഷ്യനും ദൈവവും തമ്മിലുള്ള സ്നേഹംപോലെ തന്നെ പ്രധാനമാണ് മനുഷ്യന് തന്റെ ചുറ്റുപാടുകളോടുണ്ടാകേണ്ട സ്നേഹം. ഇതിനായി ആകാശത്തിന് താഴെയുള്ള എല്ലാ വിഷയങ്ങളും അവിടെ ചർച്ച ചെയ്യപ്പെട്ടു. തത്വശാസ്ത്രം, മനഃശാസ്ത്രം, ചരിത്രം, രാഷ്ട്രീയം, ധനതത്വശാസ്ത്രം എന്നുവേണ്ട സമസ്ത വിഷയങ്ങളും ദൈവശാസ്ത്രത്തോട് ചേർത്ത് ചർച്ച ചെയ്യപ്പെടുന്ന വിദ്യാലയം.

കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന ക്രിസ്തുവിന്റെ വാക്കുകളിൽ രാഷ്ട്രമീമാംസയും ചരിത്രവുമുണ്ട്. ഇവയിലധികമായി നീയെന്നെ സ്നേഹിക്കുന്നുവോ എന്ന വാക്കുകളിൽ മനഃശാസ്ത്രസമീപനമുണ്ട്. രോഗികളെ തൊട്ടുസൗഖ്യമാക്കുന്നതിൽ ആരോഗ്യശാസ്ത്രമുണ്ട്. ക്രിസ്തുവിന്റെ പ്രകൃതിയിലേക്കുള്ള യാത്രക

ളിൽ പാരിസ്ഥിതികചർച്ചകളുണ്ട്. ദശാംശം മറ്റുള്ളവർക്കായി മാറ്റിവെയ്ക്കണം എന്ന ഉപദേശത്തിൽ കൃത്യമായ ധനതത്ത്വശാസ്ത്രമുണ്ട്. ചുരുക്കത്തിൽ മനുഷ്യന് ഉദാത്തമായ ഒരു ജീവിതചര്യ രൂപപ്പെടുത്തുന്നതിനാവശ്യമായ എല്ലാറ്റിനെയുംപറ്റിയുള്ള പഠനം ക്രിസ്തുവിന്റെ പള്ളിക്കൂടത്തിലുണ്ടായിരുന്നു.

**ബോധനരീതി...**

തികച്ചും വ്യത്യസ്തമായ ബോധനരീതിയാണ് ക്രിസ്തു തന്റെ പള്ളിക്കൂടത്തിന് അനുവർത്തിച്ചത്. അദ്ധ്യയന ഇടങ്ങളെ നാല് ചുവരുകൾക്കുള്ളിൽ തളച്ചിടാൻ ക്രിസ്തു സന്നദ്ധനല്ലായിരുന്നു. അദ്ദേഹം ശിഷ്യരോടൊപ്പം തെരുവിലേക്കും കൃഷിയിടങ്ങളിലേക്കും പർവ്വതങ്ങളിലേക്കും കടൽത്തീരങ്ങളിലേക്കും യാത്രചെയ്തു. ക്രിസ്തുവിന്റെ പാഠപുസ്തകം പ്രകൃതിയും അവിടെയുള്ള ജീവിതങ്ങളുമായിരുന്നു. നാം അനുവർത്തിക്കേണ്ട ജീവിതചര്യയെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും അതിന് അടിസ്ഥാനമായ ദൈവശാസ്ത്രത്തെക്കുറിച്ചും ഈ പുസ്തകങ്ങളിൽനിന്നാണ് അവൻ ശിഷ്യരെ വായിച്ചുകേൾപ്പിച്ചത്. ഒരിക്കലും ശിഷ്യരിലേക്ക് അറിവുകളെ അടിച്ചേൽപ്പിച്ച ഗുരുവായിരുന്നില്ല ക്രിസ്തു. അറിവ് ആർജ്ജിക്കുന്ന പ്രക്രിയ ശിഷ്യരുടെ മനസ്സിലാണ് നടന്നിരുന്നത്. അതിനുവേണ്ട സാഹചര്യങ്ങൾ ജീവിതങ്ങളുടെയും പ്രകൃതിയുടെയും സൂക്ഷ്മമായ നിരീക്ഷണങ്ങളിലൂടെ രൂപപ്പെടുത്തുക മാത്രമാണ് ക്രിസ്തു ചെയ്തിരുന്നത്. ഉപമകളുടെ സാദ്ധ്യതകളും ഇതിനായി ക്രിസ്തു ഫലപ്രദമായി വിനിയോഗിച്ചു. ആഴത്തിലേക്ക് വലയെറിയാനും കൽഭരണികളിൽ വെള്ളം നിറയ്ക്കാനും ക്രിസ്തു ആവശ്യപ്പെടുന്നതിലൂടെ മനുഷ്യരുടെ അദ്ധ്വാനത്തെ വാഴ്ത്തി മാത്രമേ ദൈവം അത്ഭുതങ്ങൾ സൃഷ്ടിക്കൂ എന്ന വലിയ പാഠം നൽകുകയായിരുന്നു യേശു. കുറച്ചുമാത്രം സംസാരിക്കുന്ന രീതിയായിരുന്നു അദ്ധ്യാപകൻ എന്ന നിലയിൽ ക്രിസ്തു സ്വീകരിച്ചിരുന്നത്. ആധുനിക വിദ്യാഭ്യാസ ചിന്തകന്മാർ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നതിന് സഹസ്രാബ്ദങ്ങൾക്ക് മുന്നെ അവ ലോകത്തിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു ക്രിസ്തു എന്ന് നിസംശയം പറയാം.

**ശിഷ്യരെക്കുറിച്ച്...**

ക്രിസ്തുശിഷ്യരെക്കുറിച്ചുള്ള പഠനം വളരെ രസകരമാണ്. ഒറ്റപ്പെട്ടവർ, പ്രശ്നങ്ങളുള്ളവർ, വലിയവരാകാൻ ഒരു സാധ്യതയുമില്ലെന്ന് ലോകം വിലയിരുത്തുന്നവർ ഒക്കെയാണ് ശിഷ്യരായത്. വ്യത്യസ്തമായ മാനസികാവസ്ഥയിലുള്ളവരായിരുന്നു ശിഷ്യന്മാർ. തന്റെ കഴിവുകളിൽ അമിതമായ ആത്മവിശ്വാസമുള്ള പത്രോസും, തന്റെ കണ്ണുകൾകൊണ്ട് കണ്ടാൽമാത്രം വിശ്വസിക്കുന്ന തോമസും, ഗുരുവിനെ ഒറ്റിക്കൊടുക്കാൻ മാത്രം കുടിലത ഹൃദയത്തിലൊളിപ്പിച്ചുവെച്ച യൂദാസും, അഞ്ചപ്പത്തിന്റെയും മീനിന്റെയും സാധ്യതകൾ കണ്ടെത്തിയ അന്ത്രയോസും ശിഷ്യരിൽ ഉണ്ടായിരുന്നു. ക്രിസ്തുവിനെ ക്രൂശുമരണത്തിനുശേഷംപോലും സംശയത്തോടെ കണ്ടവരും ശിഷ്യരുടെ കൂട്ടത്തിലുണ്ടായിരുന്നു.

സമൂഹത്തിലെ പ്രശ്നക്കാരെയാണ് ശിഷ്യരാക്കിയത്. അക്കാലത്ത് ക്രിസ്തു ചുങ്കക്കാരെ ശിഷ്യരാക്കുന്നതിലൂടെ പൊതുസമൂഹത്തിന്റെ നെറ്റിചുളിച്ചിട്ടുണ്ടാകും. കഠിനാദ്ധ്വാനികളായ മുക്കുവർ ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ ഇടം കണ്ടെത്തി. വല നന്നാക്കുന്നവരും ദരിദ്രരും നിസ്വരും ഒക്കെയാണ് ശിഷ്യരായത്. വ്യത്യസ്തമായ ബൗദ്ധികനിലവാരം പുലർത്തുന്നവരായിരുന്നു ശിഷ്യന്മാർ. ലോകമെങ്ങുംപോയി സുവിശേഷമറിയിക്കാനുള്ള ചരിത്രനിയോഗം ക്രിസ്തു ഏൽപ്പിക്കുന്നത് ഇവരെയാണെന്നതും ശ്രദ്ധേയമാണ്. വിദ്യാർത്ഥികളുടെ സാമൂഹിക സാഹചര്യങ്ങളും ബൗദ്ധീകനിലവാരവും മാനസികാവസ്ഥയുമൊക്കെ വിദ്യാഭ്യാസമേഖലയുടെ അപചയത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്ന ആധുനിക കാലത്ത്, ക്രിസ്തുശിഷ്യരെ കണ്ടെത്തുന്നതിൽ കാണിച്ച ധീരത അത്ഭുതപ്പെടുത്തുന്നതാണ്.

**ഗുരുസാഗരം...**

ലോകം കണ്ട ഏറ്റവും മികച്ച അദ്ധ്യാപകനാണ് ക്രിസ്തു. തർക്കങ്ങളിലേർപ്പെടുമ്പോൾപോലും ക്ഷോഭിക്കാത്ത ആചാര്യൻ. വാക്കുകൊണ്ടും സ്പർശംകൊണ്ടും സൗഖ്യമാക്കുന്നവൻ. ശിഷ്യനെ ചേർത്തുപിടിച്ച് നടത്തുന്ന മഹാഗുരു.

ഏകാധിപതിയായ ഒരു അദ്ധ്യാപകനെ ക്രിസ്തുവിൽ കാണാൻ കഴിയുകയില്ല.

ശിഷ്യസൗഹൃദബോധനരിതിയാണ് സ്വീകരിച്ചിരുന്നത്. കഥകളും ഉപമകളും സംഭവങ്ങളും പ്രകൃതി പ്രതിഭാസങ്ങളുമൊക്കെ. ചൂണ്ടിക്കാട്ടുക മാത്രം ചെയ്യുന്ന അദ്ധ്യാപകൻ. അവയിലൂടെയെല്ലാം ശിഷ്യരുടെ മനസ്സിൽ അറിവ് രൂപപ്പെടുകയായിരുന്നു. ഗുരുവും ഗുരുജീവിതവും പഠനവിഷയമാവുക എന്ന അപൂർവ്വതയാണ് ക്രിസ്തുവിന്റെ പള്ളിക്കൂട്ടത്തിൽ സംഭവിക്കുന്നത്.

ക്രിസ്തുജീവിതവും ക്രിസ്തുജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ക്രിസ്തു സ്വീകരിച്ച നിലപാടുകളുമൊക്കെ ഇവിടെ വിശദമായ പഠനത്തിന് ശിഷ്യർ വിധേയമാക്കുന്നു. അതിലൂടെ കൃത്യവും നിയതവുമായ അറിവുകളിലേക്ക് ശിഷ്യർ എത്തിച്ചേരുകയാണ്. ക്രിസ്തുജീവിതം തന്നെ പ്രധാന പഠനവിഷയമാകുന്നു എന്നതാണ് ക്രിസ്തുവിന്റെ പള്ളിക്കൂടത്തിന്റെ ഏറ്റവും വലിയ അപാരത.

**ചുരുക്കത്തിൽ...**

കാലാതീതമായി ദേശങ്ങളുടെ അതിരുകൾക്കുമപ്പുറം ഒരു മഹാവിദ്യാലയമായി ക്രിസ്തുവിന്റെ പള്ളിക്കൂടം പടർന്നുപന്തലിച്ചിരിക്കുന്നു. സ്നേഹത്തിന്റെ സിലബസ് ശിഷ്യസൗഹൃദ സമീപനത്തോടെ വ്യത്യസ്ത പഠനജീവിതനിലവാരത്തിലുള്ള ശിഷ്യരുടെ ഹൃദയങ്ങളിലേക്ക് ഒരു തേൻതുള്ളിപോലെ ഇറ്റിച്ചുകൊടുക്കുന്ന മഹാഗുരുവിന്റെ ദൈവനിയോഗമമാണ് ക്രിസ്തുവിന്റെ പള്ളിക്കൂടം. അതുതന്നെയാണ് അതിന്റെ മഹത്വവും. ♦

**ലൗലി വർഗ്ഗീസ്**
**ഞക്കനാൽ**

# പൈതങ്ങൾ ദൈവത്തിന്റെ പ്രതിരൂപങ്ങൾ



**ദൈ**വത്തിന്റെ പ്രതിരൂപമാണ് പൈതങ്ങൾ. നമ്മെ സൂക്ഷിക്കാനേൽപ്പിച്ചിരിക്കുന്ന നിധികൾ. ഈ നിധികളെ ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമിട്ട് കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും ലോകത്തിനും പ്രയോജനമുള്ളവരാക്കി വളർത്താനാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്.

ഒരു വിത്ത് കർഷകന് ലഭിക്കുമ്പോൾ അതിനെ ഏറ്റവും നല്ല ഫലം ലഭിക്കത്തക്കവിധം നട്ട്, നനച്ച്, പരിപാലിച്ച് വളർത്തി ഫലവത്താക്കുന്നു. അവിടെയാണ് ഒരു നല്ല കർഷകൻ ഉണ്ടാകുന്നത്. ഫലദായകമായിത്തീരുമ്പോൾ ആ കർഷകന് ലഭിക്കുന്ന ആത്മസംതൃപ്തി പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. നാം അത് അനുഭവിച്ചറിയണം. അപ്രകാരം ദൈവം നമുക്ക് നൽകിത്തരുന്ന പൈതങ്ങളെ ഉടമസ്ഥനാഗ്രഹിക്കുന്ന പ്രകാരം ഫലവത്താക്കി ലോകത്തെ നന്മയിലേക്ക് നയിക്കുന്നവരാക്കിത്തീർക്കാൻ നമുക്ക് കഴിയണം.

ആധുനിക ഘട്ടത്തിൽ സമകാലിക സംഭവങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നത് എവിടെയും മൂല്യച്യുതി സംഭവിച്ചിരിക്കുന്നു എന്നതാണ്. സംരക്ഷിക്കേണ്ടുന്നവർ സംഹാരം നടത്തുന്നു. നിയമപാലകർ നിയമലംഘകരാകുന്നു. എവിടെയും നീതിയും ന്യായവും എല്ലാം പൊയ്പോയി. ഈ അവസരത്തിൽ നമ്മെ ദൈവം ആക്കിയിരിക്കുന്ന സ്ഥാനത്ത് നമുക്ക് എന്ത് ചെയ്യാൻ സാധിക്കും? കർത്താവിനെ ക്രൂശീകരണത്തിന് കൊണ്ടുപോകുമ്പോൾതന്നെ അനുഗമിച്ച പുരുഷാരത്തോട്, “യെരുശലേം പുത്രിമാരേ, നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട; നിങ്ങളെയും നിങ്ങളുടെ മക്കളേയും ചൊല്ലികരവീൻ.” ഇന്നത്തെ കാലഘട്ടത്തിൽ എത്ര അർത്ഥവത്തായ വചനം. പൂർവ്വ മാതാപിതാക്കൾ പറയും മക്കളെ ചൊല്ലും ചോറും കൊടുത്ത് വളർത്തണം. ഇന്ന് മക്കളെ പേടിച്ചാണ് രക്ഷാകർത്താക്കൾ ജീവിക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യയുടെ പുരോഗതി അത്യുന്നതശൃംഗത്തിൽ എത്തിനിൽക്കുന്ന പുതുതലമുറയ്ക്ക് നഷ്ടപ്പെട്ടുപോയ ചില മൂല്യങ്ങളുണ്ട്. ആരാണ് അതിന് ഉത്തരവാദികൾ, നാം

തന്നെ. എന്തൊക്കെയോ നേടണമെന്നുള്ള നെട്ടോട്ടത്തിൽ കൊടുക്കേണ്ടുന്നവ സമയത്ത് കൊടുക്കുവാൻ നമുക്ക് കഴിയുന്നില്ല. ഫലമോ നാശം. ഇതിനൊരു പരിഹാരം ഉണ്ടാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിജ്ഞാനം വിരൽത്തുമ്പിൽ ലഭിക്കുന്ന കാലഘട്ടത്തിൽ എല്ലാം കാണുന്ന ലോകത്തിൽ നല്ല മാതൃകയാണാവശ്യം. "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക." (എബ്രായർ 12:2) പറഞ്ഞതും പ്രസംഗിച്ചതും എല്ലാം പ്രവൃത്തിയിലൂടെ കാണിച്ചുതന്ന കർത്താവ്, ''എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു പറഞ്ഞ മഹാത്മാഗാന്ധി ഇവരെയൊക്കെ മാതൃകയാക്കുവാൻ നമുക്ക് കഴിയണം. നമ്മളെക്കണ്ട് കുഞ്ഞുങ്ങൾ പഠിക്കണം. എന്നിൽ ഇല്ലാത്തതൊന്നും മറ്റുള്ളവരോട് പറയാൻ ഞാൻ യോഗ്യനല്ല. കുടുംബപ്രാർത്ഥന ഇല്ലാത്ത ഭവനം. ആശയവിനിമയം ഇല്ലാത്ത ഭവനം, അപരനെ അംഗീകരിക്കാത്ത പുതുതലമുറ, പരസ്പരം വിട്ടുവീഴ്ചയോ അനുരഞ്ജനമോ ഇല്ലാത്ത ലോകം നാശത്തിലേക്ക് കൂപ്പുകുത്തുന്നു. ഇതിന്റെയൊക്കെ മദ്ധ്യത്തിൽ ഒരു പൈതലിനെ ദൈവത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് വളർത്തുക എന്നു പറയുന്നത് നിസ്സാരകാര്യമല്ല. പണ്ട് ഏബ്രഹാം ലിങ്കൺ പറഞ്ഞതുപോലെ ഒരു പതിനഞ്ചുകാരനെയോ, പതിനഞ്ചുകാരിയേയോ വളർത്തിയെടുക്കുന്നതിനേക്കാൾ എത്രയോ നിസ്സാരമാണ് അമേരിക്ക ഭരിക്കാൻ.

ദൈവത്തിന്റെ പ്രതീക്ഷക്കൊത്ത് കുഞ്ഞുങ്ങളെ വളർത്താൻ നാം പരിശ്രമിക്കണം. ഇന്നത്തെ തലമുറയാണ് നാളത്തെ ലോകത്തിന്റെ നിലനിൽപ്പിനാധാരം. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല." (സദൃശ്യ 22:6).അഭ്യസനമാണ് പ്രധാനം. യേശുക്രിസ്തുവിനെ ഉള്ളത്തിൽ ഒരു ലഹരിയാക്കി മാറ്റാൻ അവർക്ക് കഴിയണം. അതിലേക്ക് നാം അഭ്യസിപ്പിക്കണം. അപ്പോൾ ലോകത്തിന്റെ ഒരു ലഹരിക്കും അവർ അടിമപ്പെട്ടുപോകത്തില്ല. നാം ഉൾപ്പെട്ടു നിൽക്കുന്ന കുടുംബത്തിൽ, സഭയിൽ, സമൂഹത്തിൽ ഒക്കെ നല്ല മൂല്യങ്ങളെ പകർന്നുകൊടുക്കാനും കാട്ടിക്കൊടുക്കാനും നമുക്ക് കഴിയണം.

നൂറ്റാണ്ടുകൾക്ക് മുമ്പ് ദിശാബോധം നഷ്ടപ്പെട്ട കുഞ്ഞുങ്ങളെ ഓർത്ത് ഒരു നല്ല മനുഷ്യന്റെ മനസ്സ് വേദനിച്ചു. ആ വേദന ദൈവവുമായി പങ്കിട്ടപ്പോൾ അത് സൺഡേസ്കൂൾ പ്രസ്ഥാനമായി മാറി. ദൈവം പ്രതീക്ഷിക്കുന്ന വിധത്തിൽ ഇന്ന് തലമുറയെ ദൈവസ്നേഹത്തിലും വചനാടിസ്ഥാനത്തിലും വളർത്തിക്കൊണ്ടുവരിക എന്നുള്ളത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ഭൗതികനേട്ടങ്ങളെക്കാളും ഉന്നതവിദ്യാഭ്യാസത്തേക്കാളും ഉപരിയായി ആത്മികപോഷണത്തിനും ദൈവിക സമർപ്പണത്തിനും പൂർവ്വമാതാപിതാക്കൾ മുൻതൂക്കം കൊടുത്തു. അവരുടെ കണ്ണുനീരിന്റെയും പ്രാർത്ഥനയുടെയും പ്രതിഫലമാണ് നാം ഇന്നനുഭവിക്കുന്ന നന്മകൾ. നാളെ നമ്മുടെ അനന്തര തലമുറകൾക്കു കൊടുക്കാൻ നമ്മുടെ കയ്യിൽ എന്താണുള്ളത്? അനുകരണീയ മാതൃക കൊടുക്കാൻ നമുക്ക് കഴിയണം. നീതിയും സന്തോഷവും സമാധാനവും വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും അനുഭവിക്കാൻ പൈതങ്ങൾക്ക് കഴിയണം. അതാണ് ദൈവം പ്രതീക്ഷിക്കുന്നത്.

അവസാനമായി വ്യക്തിത്വം നിർണ്ണയിക്കുന്ന അഞ്ച് കാര്യങ്ങൾ ചുരുക്കമായി എഴുതാം.

- കുടുംബത്തിലൂടെ ലഭിക്കുന്ന മൂല്യങ്ങൾ, പ്രാർത്ഥന, സത്യസന്ധത, ഭക്തി.
- ജീവിക്കുന്ന സംസ്കാരത്തിലൂടെയുള്ള ആശയവിനിമയം.
- പ്രചോദിപ്പിക്കുന്ന ചില അനുഭവങ്ങൾ നല്ല വ്യക്തിത്വത്തിന് കാരണമാകും.
- നിങ്ങളുടെ വേരുകൾ ക്രിസ്തുവിനോട് ഒട്ടിച്ചേർന്നിരിക്കുന്ന അവസ്ഥ.
- ലോകം കണ്ട മഹാ വ്യക്തിത്വം യേശുക്രിസ്തു എന്ന തിരിച്ചറിവ്. (ലൂക്കോ. 2:52)

നമ്മുടെ കുഞ്ഞുങ്ങളെ ദൈവത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് വളർത്താൻ നമുക്ക് കുടുംബമായി, സഭയായി, സമൂഹമായി ഉണർന്ന് പ്രവർത്തിക്കാം. ദൈവീകവിഷയമായി സമ്പന്നരാക്കുക എന്നതാണ് പിൻതലമുറയ്ക്ക് വച്ചേച്ചുപോകാവുന്ന ഏറ്റവും വലിയ സമ്പത്ത്. അതിൻപ്രകാരം ആയിത്തീരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ◆

# വിജയവഴി വിദ്യാർത്ഥി ക്യാമ്പ്


**അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ക്യാമ്പ് നടത്തി. നഗരസഭാദ്ധ്യക്ഷ ശ്രീമതി. ഷൈനി ബോബി സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്തു. അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ മുഖ്യാതിഥിയായിരുന്നു. റവ. പി.എൻ. അലക്സാണ്ടർ, മേജർ ജനറൽ എം.കെ. വർഗ്ഗീസ് പണിക്കർ, ഡോ. ജോൺ ജോൺസൺ, ശ്രീ. തോമസ് ജോർജ്ജ്, ശ്രീ. കെ.വി. വർഗ്ഗീസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.**



# പ്രതീക്ഷകളെ തകർക്കുന്ന പുതിയ തലമുറ



ബെറ്റിന മറിയം തമ്പാൻ
വെട്ടിയാർ ശാലേം എം.റ്റി.സി.



***"മകനേ, അപ്പന്റെ പ്രബോധനം കേൾക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയും അരുത്."*** *(സദൃശ്യ 1:8)*

നമ്മുടെ പുതുതലമുറയെ ഒരു വൃക്ഷത്തോട് ഉപമിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു വൃക്ഷത്തെ നമ്മൾ നടുമ്പോൾ അതിനുവേണ്ട എല്ലാ സാഹചര്യങ്ങളും നമ്മൾ ഒരുക്കിക്കൊടുക്കുന്നു. ഏറ്റവും കൂടുതലായി അതിന് വേണ്ടത് വളവും വെള്ളവുമാണ്. അതുപോലെ ഒരു കൃഷിക്കാരന്റെ പ്രധാന ഉദ്ദേശം കൃഷിക്ക് കേട് വരാതെ അതിനെ സംരക്ഷിക്കുക എന്നതാണ്. അങ്ങനെ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുത്ത് നല്ല ഒരു വൃക്ഷമായാൽ, പിന്നെ നാം ആഗ്രഹിക്കുന്നത് അതിൽനിന്ന് ഫലങ്ങൾ കിട്ടുക എന്നതാണ്. ഇവിടെ നമുക്ക് ഒരു പ്രതീക്ഷ നിലനിൽക്കുന്നു.

എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ആ വൃക്ഷം ഫലം നൽകുന്നില്ല എങ്കിൽ അവിടെ നമ്മുടെ പ്രതീക്ഷകളെ ആ വൃക്ഷം തകർത്തുകളയുകയാണ്. ഇതുപോലെയാണ് നമ്മുടെ പുതുതലമുറകൾ. ഇങ്ങനെ നമ്മുടെ അമ്മയപ്പന്മാർ പ്രതീക്ഷകളോടെ ഒരു മകനെ/മകളെ വളർത്തിക്കൊണ്ടുവരുന്നു. എന്നാൽ നമ്മൾ വഴിതെറ്റിപ്പോകുമ്പോൾ അവരുടെ പ്രതീക്ഷകളെ ഇല്ലാതെയാക്കുന്നു. പത്തുമാസം ഒരു അമ്മ വളരെ ബുദ്ധിമുട്ടി വളരെയധികം വേദനയോടെ ഒരു കുഞ്ഞിന് ജന്മം നൽകുമ്പോൾ അവനെ/അവളെ ആ അമ്മ ദൈവവുമായുള്ള ബന്ധത്തിൽ വളർത്തിക്കൊണ്ടുവരികയാണ്. എന്നാൽ താൻ സ്വന്തമായി തീരുമാനങ്ങൾ എടുത്ത് തെറ്റായ വഴികളിൽകൂടെ സഞ്ചരിക്കുമ്പോൾ അമ്മയുടെ മനസ്സിനെ അവൾ കുത്തിമുറിവേൽപ്പിക്കുന്നു. ആരോടും ഒന്നും പറയുവാനാവാതെ അമ്മ ആ വേദന സ്വയം ഉള്ളിൽ അടക്കിക്കൊണ്ട് കാണുന്നവരോട് വളരെ സന്തോഷത്തോടെ ഇടപെടുന്നു. അതുപോലെ മുന്തിയ ബൈക്കുകളിലും കാറുകളിലുമൊക്കെ അമിതവേഗത്തിൽ നാം പായുമ്പോൾ വളരെ പ്രതീക്ഷകളോടെ നമ്മളെ കാത്തിരിക്കുന്ന ഒരു കുടുംബം നമുക്ക് ഉണ്ടെന്ന് ഒരിക്കലും മറന്നുപോകരുത്.

മാതാപിതാക്കൾ, പ്രതീക്ഷിക്കുന്നതിനെക്കാളും ഉയർന്ന നിലയിലും ദൈവാശ്രയത്തിലും ആയിത്തീരുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. എവിടെപ്പോയാലും ദൈവത്തെ കൂട്ടുവിളിക്കുവാൻ ഒക്കാത്ത ഒരിടത്തും നാം പോകരുത്. മറ്റുള്ളവർക്ക് മാതൃകയുള്ള പുതുതലമുറയായി വളർന്നുവരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ❖

**സൃഷ്ടിക്കൊരു സങ്കീർത്തനം 2019**
**ഡിസംബർ 8 ഞായർ, മാർത്തോമ്മാ യൂത്ത് സെന്റർ, അടൂർ**




ഭദ്രാസന അസംബ്ലി മീറ്റിംഗ്




ഭദ്രാസന സേവികാസംഘം ചുമതലക്കാരുടെ മീറ്റിംഗ്




ഹെര്‍മ്മോന്‍ ഹരിത അവാര്‍ഡ് നേടിയ കൊടുമണ്‍ സെഹിയോന്‍ മാര്‍ത്തോമ്മാ ഇടവക




ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ മീറ്റിംഗ്



ഭദ്രാസന ബസ്ക്യാമാമാരുടെ മീറ്റിംഗ്



പള്ളിപ്പാട് ദീപ്തി സ്കില്‍ ഡെവലപ്മെന്റ് സെന്ററില്‍ നടന്ന ഓണാഘോഷം



ഭദ്രാസന വാർഷിക വൈദിക സംഗമം



ഭദ്രാസന യുവജനസഖ്യം പ്രവർത്തനോദ്ഘാടനം - ഏനാത്ത് മാർത്തോമ്മാ ചർച്ച്



ഭദ്രാസനത്തിൽ ആരംഭിച്ച പകൽവീടിന്റെ ഉദ്ഘാടനദൃശ്യം




തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ വെച്ച് നടന്ന റവ. എബി ഉമ്മന്റെ പട്ടംകൊട




ചാത്തന്നൂപ്പുഴ മാർത്തോമ്മാ ഇടവകയുടെ പുതിയ ദേവാലയ കൂദാശയും പൊതുസമ്മേളനവും





വിജയവഴിക്യാമ്പും അവാർഡ് ദാനവും




തറയിൽകടവ് മിഷൻ സെന്ററിൽ നടന്ന സ്വാതന്ത്ര്യദിന പതാക ഉയർത്തലും
കുളക്കട സെന്റ് തോമസ് ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷവും



പന്തളം സെന്റർ യുവജനസഖ്യം നേതൃത്വ ശില്പശാല



വവ്വാക്കാവ് മാർത്തോമ്മാ ശാന്തിഭവനിൽ നടന്ന ഓണസദ്യ



മുട്ടം ശാലേം മാർത്തോമ്മാ ഇടവകദിനവും ആദ്യകുർബ്ബാനയും മുതിർന്ന പൗരന്മാരെ ആദരിക്കലും



തറയിൽകടവ് സന്ദർശനം




കേന്ദ്ര യുവജനസഖ്യം വെസ്റ്റ് ശാഖ സെക്കന്റ് പ്രൈസ് ലഭിച്ച കുളക്കട സെന്റ് തോമസ്



ഗഡ്ഗേശ്വർ മിഷൻ ഫീൽഡ്

കൊറ്റനല്ലൂർ ശാലേം മാർത്തോമ്മാ ഇടവക, ഇടവകദിനവും ആദ്യകുർബ്ബാനയും മുതിർന്ന പൗരന്മാരെ ആദരിക്കലും





റവ. ഐ. ജോർജ്ജ്
കണ്ണങ്കോട് എം. റ്റി. സി.

ഈജിപ്തുകാർ എബ്രായരെ കീഴ്ജാതിക്കാരായിട്ടാണ് കണ്ടിരുന്നത്. ആട്ടിടയരെ അവർക്ക് അറപ്പായിരുന്നു. അങ്ങനെയുള്ളവരെ ഈജിപ്തിൽ വച്ചേറ്റവും സമ്പൽസമൃദ്ധമായ സ്ഥലത്ത് പാർപ്പിക്കുവാൻ വഴിയൊരുക്കുന്നു എന്നുള്ളത് വിസ്മയകരമാണ്. ഈജിപ്തിലെ ഭരണാധികാരിയായ ഫറവോൻ വളരെ ഉദാരമായിട്ടാണ് അവരോടിടപെട്ടിരുന്നത്. അത് ഒരുപക്ഷെ ജോസഫ് കാരണമാകാം.

ഫറവോന്റെ മുന്നിൽ നിൽക്കുന്ന യാക്കോബിനോട് ഫറവോൻ ചോദിക്കുന്നു, എത്ര വയസ്സായി? യാക്കോബിന്റെ മറുപടി വളരെ നഷ്ടബോധവും നിരാശയും നിറഞ്ഞതായിരുന്നു. നൂറ്റിമുപ്പതാം വയസ്സിലും ജീവിതത്തെക്കുറിച്ചുള്ള നഷ്ടബോധവും മുൻഗാമികളുടെ കാലത്തോളം ജീവിച്ചിരിക്കാനുള്ള ആർത്തിയും, ആണ് യാക്കോബിന്റെ വാക്കുകളിൽ പ്രകടമാകുന്നത്. എന്തുകൊണ്ടാണ് യാക്കോബ് ഇത്രമാത്രം അതൃപ്തനും നിരാശനുമായിരിക്കുന്നത്? യാക്കോബിന്റെ യൗവ്വനകാലം ചതിയും വഞ്ചനയും ആർത്തിയും നിറഞ്ഞതായിരുന്നു. എല്ലാം തനിക്കായി സ്വരൂപിക്കാനുള്ള പരക്കംപാച്ചിലായിരുന്നു. എത്രകിട്ടിയിട്ടും മതിവരാത്തവൻ.

ഫറവോന്റെ സന്നിധിയിൽ നിൽക്കുമ്പോൾ പോലും ആയുസിന്റെ ദൈർഘ്യത്തെക്കുറിച്ചും അവന് ആവലാതിയാണ്. തന്റെ പൂർവ്വികരുടെ ആയുർദൈർഘ്യം കിട്ടിയിട്ടില്ല എന്ന സങ്കടം അവനെ അലട്ടിയിരുന്നു. തന്റെ ആർത്തിയുടെ പൂർത്തിക്കായി ജീവിതം ഹോമിച്ചവൻ ഒടുവിൽ എല്ലാം നഷ്ടപ്പെട്ടവനായി അഭയാർത്ഥിയായി ഫറവോന്റെ മുന്നിൽ നിൽക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. നാട്ടിൽ ക്ഷാമമുണ്ടായപ്പോൾ നാടിനെയും നാട്ടുകാരെയും ഉപേക്ഷിച്ച് ഈജിപ്തിലേക്ക് അഭയാർത്ഥികളായി പോയതിന്റെ ഫലമായി ഒരു ജനത മുഴുവനും ഈജിപ്തിൽ അടിമകളായിത്തീർന്നു എന്നത് വിസ്മരിക്കാവുന്നതല്ല. സ്വന്തം

# യാക്കോബ് ഈജിപ്തിൽ

(ഉല്പ. 47:1–10)



സുഖത്തിനും സന്തോഷത്തിനും സംതൃപ്തിക്കും വേണ്ടി ജീവിതം ഹോമിക്കുന്നവർക്ക് അസംതൃപ്തിയല്ലാതെയൊന്നും ലഭിക്കുകയില്ല. എന്നാൽ മറ്റുള്ളവരുടെ അനുഗ്രഹത്തിനുവേണ്ടി ജീവിക്കുന്നവന് മാത്രമേ എല്ലാം നിവർത്തിയായി എന്നു പറയാൻ കഴിയുകയുള്ളൂ.

ദൈവം മോശയ്ക്കു, ഞാൻ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ആകുന്നു എന്നാണു വെളിപ്പെടുത്തിയത്. ഒരുപക്ഷെ ദൈവം ഞാൻ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും ദൈവം എന്നു മാത്രം പറഞ്ഞിരുന്നെങ്കിൽ അനുസരണത്തിന്റെ പ്രതീകങ്ങളായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും മാത്രം ദൈവം എന്നായിപ്പോകുമായിരുന്നു. അങ്ങനെയെങ്കിൽ നാം ദൈവത്തിന്റെ പദ്ധതിയിൽ നിന്നും പുറത്തായിപ്പോയേനെ. എന്തെന്നാൽ യാക്കോബിന്റെ സ്വഭാവമാണ് നമ്മിലൊക്കെ നിലനില്ക്കുന്നത്. നാം തള്ളപ്പെട്ടുപോകാതിരിക്കാനാണ് ചതിയനും വഞ്ചകനും തൻകാര്യപ്രസക്തനുമായ യാക്കോബിന്റെയും ദൈവമാണ് എന്നു വെളിപ്പെയുത്തിയത്. യാബോക്കു കടവിൽ വച്ചുള്ള മൽപ്പിടിത്ത കഥ അവന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിമനസ്സിലാക്കിയാൽ പോലും ശേഷമുള്ള അവന്റെ ജീവിതത്തിൽ കാര്യമായ മാറ്റമൊന്നും സംഭവിച്ചതായി കാണുന്നില്ല. യബോക്കു കടവിനു ശേഷം തന്റെ ജ്യേഷ്ഠനെ കാണുമ്പോൾ നിന്റെ മുഖം ഞാൻ ദൈവത്തിന്റെ മുഖം പോലെ കാണുന്നു എന്നു യാക്കോബ് പറഞ്ഞതിനെ, സഹോദരനിൽ ദൈവത്തിന്റെ മുഖം കാണുവാൻ തക്കവിധം യാക്കബിനു പരിവർത്തനമുണ്ടായി എന്നു വ്യാഖ്യാനിക്കാമെങ്കിലും പിന്നീടുള്ള അവന്റെ ജീവിതത്തിൽ – മനോഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായോ എന്നത് സംശയമാണ്. മാനസാന്തര പ്രസംഗം നടത്തുന്നവരിലും പ്രസംഗത്തിനനുയോജ്യമായ മനോഭാവം കാണുന്നില്ല എന്നത് ഇന്നു പരക്കെ അംഗീകരിച്ചേ മതിയാകൂ. അങ്ങനെയുള്ളവരുടെയും ദൈവമാണു ഞാൻ എന്നല്ലേ ദൈവം വെളിപ്പെടുത്തിയത്! അതുകൊണ്ടല്ലേ അവനിൽ നമുക്ക് ആശയ്ക്കു വഴിയുള്ളത്. അതുകൊണ്ട് ചതിയും വഞ്ചനയും സ്വാർത്ഥതയും ആർത്തിയും പൂണ്ട് കഴിഞ്ഞാൽ സംതൃപ്തി ഉണ്ടാകില്ല. അവയിൽ നിന്നു സ്വതന്ത്രരാവാൻ പോരാടുകയും ജയിക്കുകയും ചെയ്ത് സഹോദരനിൽ വാസ്തവമായി ദൈവത്തിന്റെ മഖം കാണുന്നവരായി ഒരു തിരിച്ചുനടത്തം നമുക്കു സാധിക്കട്ടെ. അതിനു നമുക്ക് കഴിയുമെങ്കിൽ ഈ പ്രപഞ്ചം മഴുവനും നമ്മെ സഹായിക്കാനായി നമ്മുടെ പിന്നിൽ അണിനിരക്കും. അങ്ങനെയാണു ദൈവം പ്രപഞ്ചത്തെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഞാൻ അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം അതുകൊണ്ട് അവൻ നമ്മുടെയും ദൈവം. ❖

## കുട്ടികളിൽ വളർത്തേണ്ട നല്ല ശീലങ്ങൾ

**ലിജി**
**കലയപുരം എം.റ്റി.സി.**

- ആത്മവിശ്വാസം വളർത്തിയെടുക്കുക.
- എല്ലായ്പോഴും ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുക്കാൻ ശ്രമിക്കുക.
- സ്വന്തം ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ കാണാൻ ശീലിക്കുക.
- ഏത് നിഷേധ ചിന്തകൾ വന്നാലും അതിൽനിന്ന് മനസ്സിനെ മോചിപ്പിക്കാൻ ബൈബിൾ വചനങ്ങൾ ഹൃദ്യമാക്കുക.
- എല്ലായ്പ്പോഴും സത്യത്തിന് വേണ്ടി നിലകൊള്ളുക.
- കഠിനാദ്ധ്വാനം ശീലമാക്കുക.
- എല്ലായ്പ്പോഴും ശുഭപ്രതീക്ഷ വെച്ചുപുലർത്തുക.
- മനസ്സിനെ ഏകാഗ്രമാക്കിനിർത്തുക
- സമയനിഷ്ഠ പാലിക്കുക.
- എന്തുചെയ്യുമ്പോഴും അതിൽ സന്തോഷം കണ്ടെത്താൻ ശ്രമിക്കുക.
- മാതാപിതാക്കളെയും പ്രായമായവരെയും അദ്ധ്യാപകരെയും ബഹുമാനിക്കുവാംെനും അവരെ കേൾക്കുവാനും ശ്രമിക്കുക.



# സ്നേഹത്തിന്റെ നൊമ്പരം

**തങ്കമ്മ ശാമുവേൽ**
**മണ്ണടി മാർത്തോമ്മാ ചർച്ച്**

**നോ**മ്പിന്റെ നൊമ്പരം എന്ന പുസ്തകം മാർത്തോമ്മാ സഭയിലെ എല്ലാ അംഗങ്ങളും വായിച്ചു എന്നു വിശ്വസിക്കട്ടെ. ഓരോരുത്തർക്കും അനേകം നൊമ്പരങ്ങൾ സഹിക്കേണ്ടിവന്നുകാണും. നോമ്പിന്റെ നൊമ്പരത്തിലെ കവർചിത്രം മർമ്മപ്രധാനമായ ഒരു ചിത്രമാണ്. രണ്ട് നിർജ്ജീവ വസ്തുക്കൾ (നാം കാണുന്നത് തിരികല്ല്) ഉരസുമ്പോൾ അവിടെ വേദന, നൊമ്പരം അനുഭവപ്പെടുന്നില്ല. എന്നാൽ ജീവനുള്ള നാം ഏൽക്കുന്ന നൊമ്പരത്തെ വാക്കിലൂടെ, നോട്ടത്തിലൂടെ, പ്രവർത്തിയിലൂടെ മനസ്സിലുണ്ടാകുന്ന നൊമ്പരം എത്രമാത്രം വേദനാജനകമാണ്. നമ്മുടെ കർത്താവായ യേശുനാഥൻ മനസ്സിലേറ്റ നൊമ്പരവും ശരീരത്തിലേറ്റ വേദനയും കർത്താവ് പാപം ചെയ്തതിനാനല്ല നാം ഓരോരുത്തരും ചെയ്ത പാപത്തിന്റെ പരിഹാരമായിട്ടാണ്. യേശുനാഥൻ പറയുന്നുണ്ട് പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിനോട് എങ്ങനെയായിരിക്കും എന്ന്.

ഇനിയുടെ നമുക്ക് പിറകോട്ട് യാത്ര ചെയ്യാം. നൊമ്പരങ്ങൾ മാത്രമേ ബാക്കിയുള്ളൂ. ജീവിക്കുവാൻ ഭവനങ്ങളില്ലാതെ, ഉടുക്കുവാൻ വസ്ത്രമില്ലാതെ, ആഹാരത്തിനു വകയില്ലാതെ, ചികിത്സ കിട്ടാതെ മരണത്തിലേക്ക് വഴുതിപ്പോകുന്നവർ. ഇങ്ങനെ പോകുന്നു നമ്മുടെ നൊമ്പരങ്ങൾ. കഴിഞ്ഞ കാലങ്ങളിൽ ഇല്ലായ്മകളിൽ ദൈവത്തെ മുഖാമുഖമായി കണ്ട് ആവശ്യങ്ങൾ പങ്കുവെയ്ക്കുമായിരുന്നു. എന്നാൽ ഈ തലമുറ അങ്ങനെയല്ല, എപ്പോഴും ഭാവി മാത്രം മുമ്പിൽ കണ്ടുകൊണ്ടാണവർ ജീവിക്കുന്നത്. യേശുനാഥൻ മാനവകുലത്തിനുവേണ്ടി, നൊമ്പരങ്ങൾ ഏറെ സഹിച്ച് ക്രൂശുമരണം ഏറ്റപ്പോൾ മാതാപിതാക്കൾ അവരുടെ മക്കൾക്കുവേണ്ടി മാത്രം നൊമ്പരപ്പെട്ടുകൊണ്ടിരിക്കുന്നു. വരുംതലമുറ മറ്റുള്ളവരെ സ്നേഹിക്കുക, ബഹുമാനിക്കുക, കരുതുക.

നൊമ്പരപ്പെടുന്ന പല സ്ത്രീകളെക്കുറിച്ച് വേദപുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. ഹന്ന ഹൃദയനൊമ്പരത്തോടുകൂടി കർത്താവിനോട് സംസാരിച്ചപ്പോൾ അവളുടെ അധരം അനങ്ങി. അതിന്റെ ഫലം ഹന്നായ്ക്ക് ദൈവം നൽകി. ഇവിടെ ദൈവവുമായിട്ടുള്ള ബന്ധം എത്രമാത്രം ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഒരു അടിമപ്പെൺകുട്ടിയെക്കുറിച്ച് പറയുന്നു. നയമാന്റെ കുടുംബത്തിലെ അടിമയാണെന്ന് ചിന്തിക്കാതെ യജമാനന്റെ രോഗം അവളെ നൊമ്പരപ്പെടുത്തി. യജമാനന്റെ നന്മ മാത്രം ആഗ്രഹിക്കുന്ന പെൺകുട്ടി വിശ്വസിക്കുന്ന ദൈവത്തെ അവൾക്കു പങ്കുവെയ്ക്കുവാൻ സാധിച്ചു.

നാം ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ മറ്റുള്ളവരുടെ നൊമ്പരങ്ങൾ അറിഞ്ഞ് കൈത്താങ്ങലുകൾ നൽകി സമൂഹത്തിൽ പ്രതിബദ്ധത ഉള്ളവരായി ജീവിക്കുവാൻ സാധിക്കട്ടെ. അങ്ങനെ അവരുടെ നൊമ്പരത്തിന്റെ കണ്ണുനീരല്ല, ലഭിച്ച കരുതലിന്റെ, സ്നേഹത്തിന്റെ പനിനീർതുള്ളികൾ ആ കണ്ണുകളിൽനിന്നും പൊഴിയും. അപ്പോൾ മുൻതലമുറയുടെ അനുഗ്രഹങ്ങൾ നിങ്ങളുടെ മേലും വരുംതലമുറകളുടെ മേലും ഉണ്ടാകും. ❖



**ഷാരോൺ മറിയം ഷാജി**
കൊറ്റനല്ലൂർ ശാലേം




ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. "കാത്തുസൂക്ഷിക്കേണ്ട നിധിയാണ് കുടുംബം. അതിനെ വിലയിടിച്ചുകാണരുത്. കുടുംബശൈഥല്യമാണ് അപരിഹാര്യമായ കുഴപ്പങ്ങളുടെ പ്രഭവസ്ഥാനം. കുടുംബം നന്നായാലേ സമൂഹവും അതുവഴി രാഷ്ട്രവും നന്നാവുകയുള്ളൂ. ബിഷപ്പ് ലെസ്ലി ന്യൂബിഗിൻ പറഞ്ഞത് ഇപ്രകാരമാണ്. "ദൈവകരങ്ങളിൽനിന്ന് മനുഷ്യന് പ്രാപിക്കാവുന്ന ഏറ്റവും സുന്ദരമായ ഒന്നാണ് കുടുംബം."

**കുടുംബ ബന്ധങ്ങളിലെ ഊഷ്മളത നിലനിർത്തുന്നതിന് ചില ചൂണ്ടുപലകകൾ**

- കുടുംബപ്രാർത്ഥന
- ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം
- പരസ്പരമുള്ള വിശ്വാസവും ആശ്രയവും
- പരസ്പരം നന്മ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ഒന്നിച്ച് ആലോചിച്ച് തീരുമാനിക്കുക
- പരസ്പരം ഉള്ളുതുറന്ന് സംസാരിക്കുക

**നവമാതൃകകൾ നിർമ്മിക്കുന്ന ഇടമാണ് കുടുംബം**

ക്രിസ്തീയകുടുംബം മാതൃകയുള്ളതായി തീരുന്നത് ഇപ്രകാരമാണ്.

- വിശ്വാസം തലമുറകളിലേക്ക് കൈമാറുന്ന ഇടമാണ് ക്രിസ്തീയ കുടുംബം. തങ്ങളുടെ മാതാപിതാക്കളെ വഴിനടത്തിയ ദൈവമാണ് എന്റെ ദൈവമെന്ന് വിശ്വസിക്കുകയും പിൻതുടരുകയും ചെയ്യുന്ന ഇടമായി ക്രിസ്തീയകുടുംബം മാറേണ്ടതുണ്ട്.
- ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് വസിക്കുന്നു.
- പങ്കുവെയ്ക്കലിന്റെ മാധുര്യം തലമുറകൾ തിരിച്ചറിയുന്ന ഇടമാണ് കുടുംബം. സന്തോഷവും സന്താപവുമൊക്കെ പങ്കുവെയ്ക്കാനുള്ള ഇടമാണ് കുടുംബം.
- സാക്ഷ്യത്തിന്റെ വേദിയാണ് കുടുംബം. സ്നേഹവും സന്തോഷവും സമാധാനവും ധൈര്യവും പകരുന്ന ഇടവുമാണ്. അതിഥിയെ സ്വീകരിക്കേണ്ടതും എങ്ങനെയാണ് അവരോട് പെരുമാറേണ്ടത് എന്നും പഠിക്കുന്നത് കുടുംബത്തിൽനിന്നാണ്.

**കുട്ടികളുടെ പങ്കാളിത്തം കുടുംബത്തിൽ**

കുട്ടികൾ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്ന സംസ്കാരം ക്രൈസ്തവകുടുംബത്തിൽ പ്രധാനമാണ്. കുടുംബത്തിന്റെ ആവശ്യവും സാഹചര്യങ്ങളും മനസ്സിലാക്കി സഹായിക്കേണ്ടത് കുട്ടികളുടെ കർത്തവ്യമാണ്. പഠനത്തോടൊപ്പം പ്രായമുള്ള കുടുംബാംഗങ്ങളെ കരുതുവാനും സഹായിക്കുവാനും സന്മനസ്സ് കാട്ടേണ്ടതുണ്ട്. "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്" എന്ന വചനത്തിൽ നാം ജീവിക്കേണ്ടതുണ്ട്. ചെറുപ്പം മുതൽ നല്ല ശീലങ്ങളും പതിവുകളും ജീവിതത്തിന്റെ ഭാഗമാക്കണം. ദൈവവചനത്തിന്റെ വായനയും പ്രാർത്ഥനയും അതിഥിസൽക്കാരവും തുടങ്ങി നല്ല ജീവിതമൂല്യങ്ങൾ വളർത്തിയെടുക്കണം. ഇതോടൊപ്പം ജീവിതത്തിലെ കൈപ്പേറിയ ജീവിതാനുഭവങ്ങളായ തോൽവിയേയും രോഗങ്ങളെയും വേർപാടിനെയും അപകടങ്ങളേയും ധൈര്യത്തോടെ നേരിടുവാനുള്ള പ്രാപ്തിയും കരുത്തും ദൈവത്തിൽനിന്ന് പ്രാപിക്കണം.

**ഉപസംഹാരം**

ലോകപ്രശസ്തനായ സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയി പറഞ്ഞതിപ്രകാരമാണ്. "കുടുംബാംഗങ്ങൾ തമ്മിലുള്ള വൈകാരികമായ അടുപ്പമാണ് സന്തുഷ്ടകുടുംബത്തിലെ സന്തുഷ്ടിയുടെ പൊതുസാദൃശ്യം." ഇംഗർസോൾ പറഞ്ഞത് ഇവിടെ കൂടുതൽ പ്രസക്തമാണ്. "സ്വർഗ്ഗവും നരകവും ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഒരുകാര്യം എനിക്ക് ബോധ്യമുണ്ട്. എന്റെ ഭാര്യയോടും കുട്ടികളോടും കൂടെ കുടുംബത്തിലിരിക്കുമ്പോൾ ഞാൻ സ്വർഗ്ഗീയസന്തോഷം അനുഭവിക്കുന്നു." മാതൃകയുള്ള കുടുംബാംഗങ്ങളായിരിക്കാൻ ദൈവകൃപയിൽ ആശ്രയിച്ച് നമുക്ക് പരിശ്രമിക്കാം.

കെ. ജി. തോമസ്
പുതുവൽ സെന്റ് തോമസ്



# ഒരു കഴുതയുടെ അനുഭവസാക്ഷ്യം

എന്നെ നിങ്ങൾക്കെല്ലാം അറിയാം. യേശുകർത്താവ് യെരുശലേം നഗരിയിലേക്ക് ആഘോഷമായി യാത്രചെയ്തത് എന്റെ പുറത്തുകയറിയാണ്. എന്റെ അമ്മയോടൊപ്പം ഞങ്ങളുടെ യജമാനന്റെ ഭവനാങ്കണത്തിൽ വളരെ സന്തോഷത്തോടുകൂടി നിൽക്കുമ്പോഴാണ് കർത്താവിന്റെ രണ്ട് ശിഷ്യന്മാർ വന്ന് എന്നെ അഴിച്ചുകൊണ്ടുപോകാൻ തുനിഞ്ഞത്. ഞങ്ങളുടെ യജമാനന് ആദ്യം എതിർത്തെങ്കിലും യേശുകർത്താവിന് എന്നെ ആവശ്യമുണ്ട് എന്നു ശിഷ്യന്മാർ വ്യക്തമാക്കിയപ്പോൾ മനസ്സോടെ എന്നെ വിട്ടുകൊടുത്തു. തുടർന്നുള്ള സംഭവങ്ങൾ നിങ്ങൾക്കെല്ലാം അറിയാവുന്നതുകൊണ്ട് ഞാൻ വിവരിക്കുന്നില്ല. എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസമായിരുന്നു അത്. ലോകരക്ഷകനായ യേശുവിനെ ചുമലിലേറ്റാൻ അവസരം ലഭിച്ചു എന്നത് ഞാൻ ഒരിക്കലും മറന്നിട്ടില്ല. എന്നു മാത്രമല്ല, എന്റെ പിൻതലമുറക്കാരോടെല്ലാം ഈ വാർത്ത കൈമാറിക്കൊണ്ടേയിരിക്കണം എന്ന് ഞാനും എന്റെ കുടുംബാംഗങ്ങളും തീരുമാനമെടുക്കുകയും ചെയ്തു.

ഈ സംഭവത്തിന്റെ ചുവടുപിടിച്ച് എന്നെ അപമാനിക്കാൻവേണ്ടി ചിലർ ഒരു നുണക്കഥ പടച്ചുവിട്ടതുകൂടി ഇതോടൊപ്പം പറയുന്നത് ഉചിതമാണെന്നു തോന്നുന്നു. വഴിയിൽ മരക്കൊമ്പുകൾ വെട്ടിവിതറിയും കയ്യിൽ കുരുത്തോലകൾ പിടിച്ചും യെഹൂദാമക്കൾ ഹോശന്നാ പാടിയത് എന്നെ സ്വീകരിക്കാൻവേണ്ടിയായിരുന്നു എന്ന് ഞാൻ തെറ്റിദ്ധരിച്ചുപോലും! ആ സ്വീകരണം എന്റെ "തലയ്ക്ക് പിടിച്ചെന്നും" പിറ്റേദിവസവും അതുപോലൊരു സ്വീകരണം പ്രതീക്ഷിച്ച് ഞാൻ അതേവഴിയിൽകൂടി നടന്നുചെന്നെന്നും, അപ്പോൾ നഗരവാസികൾ എന്നെ കല്ലെറിഞ്ഞും അടിച്ചും ഓടിച്ചുവിട്ടും എന്നുമാണ് ആ കഥ. എന്റെ വർഗ്ഗത്തെ കഴുതകൾ എന്നു വിളിക്കുന്നത് ഞങ്ങൾ ബുദ്ധികുറഞ്ഞവരായതുകൊണ്ടാണെന്നു കരുതുന്ന ചിലരായിരിക്കണം ഈ കഥയുടെ പിറകിൽ. മറ്റേതൊരു മൃഗത്തെയുംപോലെ അത്യാവശ്യം ബുദ്ധിയും തിരിച്ചറിവും ഉള്ളവരാണ് ഞങ്ങൾ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നവനായ ദൈവപുത്രനെയാണ് ഞാൻ അന്ന് ചുമലിൽവഹിച്ചുകൊണ്ടുപോയതെന്ന് ഞാൻ ആ ദിവസംതന്നെ മനസ്സിലാക്കിയിരുന്നു. നുണക്കഥകൾ പ്രചരിപ്പിക്കുന്നവർക്ക് ദൈവം സൽബുദ്ധി കൊടുക്കട്ടെ.

ഹോശാനദിവസം കർത്താവിന്റെ വാഹനമൃഗമായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടത് യാദൃശ്ചികം ആയിരുന്നു എന്നു ഞാൻ കരുതുന്നില്ല. നല്ല പാരമ്പര്യമുള്ള കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ ഒരു മുതുമുത്തച്ഛൻ നോഹ വല്യപ്പന്റെ പെട്ടകത്തിൽ കയറാൻ തെരഞ്ഞെടുക്കപ്പെട്ട

കാര്യം (ഉല്പത്തി 7:2) ഞാൻ കേട്ടറിഞ്ഞിട്ടുണ്ട്. അബ്രഹാം പിതാവ് യിസഹാക്കിനെ ബലി അർപ്പിക്കാൻ മോറിയാമലയിലേക്ക് പോയപ്പോൾ വാഹനമൃഗമായി ഉപയോഗിച്ചതും എന്റെ മറ്റൊരു മുത്തച്ഛനെയാണ് (ഉല്പത്തി. 22:3). അപ്പനോടും മകനോടും ഒപ്പം അന്ന് ആ യാത്രയിലുണ്ടായിരുന്നത് വിശ്വസ്ത സേവകനായ എലെയാസറും മറ്റൊരു ദാസനുമായിരുന്നു.

ഞങ്ങളുടെ മറ്റൊരു മുത്തച്ഛൻ മനുഷ്യരെപ്പോലെ സംസാരിച്ച് തന്റെ യജമാനന്റെ ജീവനെ രക്ഷിച്ച സംഭവവും സുപ്രസിദ്ധമാണ്. (സംഖ്യ. 22:28). മോവാബ് രാജാവായ ബാലാക്ക് യിസ്രയേൽജനത്തെ ശപിക്കുവാൻ ദർശകനായ ബിലെയാമിനെ വിളിച്ചു. എന്നാൽ അവനെ തടയുവാൻ ദൈവത്തിന്റെ ദൂതൻ ഊരിപ്പിടിച്ച വാളുമായി എതിരെ വന്നു. ബിലെയാം ദൈവദൂതനെ കണ്ടില്ലെങ്കിലും അയാൾ യാത്രയ്ക്കുപയോഗിച്ചിരുന്ന എന്റെ മുത്തച്ഛൻ ദൂതനെ കാണുകയും തന്റെ യജമാനനെ രക്ഷിക്കുവാനായി വഴിമാറി നടക്കുകയും ചെയ്തു. ഇങ്ങനെ മൂന്ന് പ്രാവശ്യം ആയപ്പോൾ ബിലെയാമിനു കോപം ഉണ്ടായി. അയാൾ എന്റെ മുത്തച്ഛനെ ക്രൂരമായി മർദ്ദിച്ചു. അപ്പോൾ സ്വർഗ്ഗത്തിലെ ദൈവം ഇടപെട്ടു. എന്റെ മുത്തച്ഛന്റെ വായെ തുറന്നു. നാവിനെ ചലിപ്പിച്ചു. മുത്തച്ഛൻ മനുഷ്യരെപ്പോലെ സംസാരിച്ചു. അപ്പോൾമാത്രം സുബോധം ഉണ്ടായ ബിലെയാം വാളുമായി നിൽക്കുന്ന ദൈവദൂതനെ കണ്ടു. തന്റെ യാത്ര ദൈവത്തിന് ഇഷ്ടമില്ലാത്തതുകൊണ്ടാണെന്ന് തിരിച്ചറിഞ്ഞ അയാൾ തിരികെപ്പോകുവാൻ തയ്യാറായി. എന്നാൽ ദൈവദൂതന്റെ ആജ്ഞപ്രകാരം മുമ്പോട്ടുതന്നെ പോയ ബിലെയാം യിസ്രായേൽ ജനത്തെ ശപിക്കുന്നതിനു പകരം അവരെ അനുഗ്രഹിച്ചു എന്നാണ് ചരിത്രം.

പഴയനിയമം പരിശോധിച്ചാൽ ഇപ്രകാരം പല സന്ദർഭങ്ങളിൽ മനുഷ്യർ - പ്രത്യേകിച്ച് സ്ത്രീകൾ - വാഹനമൃഗങ്ങളായി ഉപയോഗിച്ചിരുന്നത് ഞങ്ങളെയായിരുന്നു എന്നു കാണാം. നാബാലിന്റെ ഭാര്യയായ അബീഗയിൽ - ഇവൾ പിന്നീട് ദാവീദ് രാജാവിന്റെ ഭാര്യയായി - ആദ്യമായി ദാവീദിനെ കാണാൻപോയത് കഴുതപ്പുറത്തായിരുന്നു (1 ശമു. 25:20). വിശുദ്ധ യോസഫും മറിയയും പേർവഴി ചാർത്തലിനു ബേത്ലഹേമിലേക്ക് പോയപ്പോഴും അവിടെനിന്ന് നസ്രേത്തിലേക്ക് പോയപ്പോഴും ഒക്കെ ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ടവരെയാണ് യാത്രാമൃഗങ്ങളായി ഉപയോഗിച്ചതെന്നാണ് പാരമ്പര്യമായി വിശ്വസിക്കപ്പെട്ടുപോരുന്നത്.

ആടുമാടുകൾ, ഒട്ടകങ്ങൾ എന്നിവയോടൊപ്പം ഞങ്ങളെയും സമ്പത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്നു. (ഉല്പത്തി 24:35, 32:5). ഏശാവിൽനിന്നും ജ്യേഷ്ഠാവകാശവും അപ്പന്റെ അനുഗ്രഹവും തട്ടിയെടുത്ത യാക്കോബ് തിരികെ വന്നപ്പോൾ ഏശാവിനെ സന്തോഷിപ്പിക്കുവാൻവേണ്ടി ഇരുപത് പെൺകഴുതകളും പത്ത് കഴുതക്കുട്ടികളും അടങ്ങിയ സമ്പത്താണ് സമ്മാനമായി തയ്യാറാക്കിനിർത്തിയത് (ഉല്പ. 32:15). യിസ്രയേലിലെ ആദ്യത്തെ രാജാവായി ശൗൽ അഭിഷിക്തനായ സംഭവപരമ്പരകളുടെ തുടക്കം അവന്റെ അപ്പനായ കീശിന്റെ കുറെ കഴുതകളെ കാണാതാകുന്നതും അവയെ തേടി ശൗൽ ഇറങ്ങി പുറപ്പെടുന്നതും ആണല്ലോ. (1 ശമു. 9:3).

ഹോശാനദിവസം എന്നെ കെട്ടിയിരുന്നതിനടുത്തുതന്നെ ഒരു കുതിരയേയും കെട്ടിയിരുന്നു. എന്നാൽ യേശുവിന്റെ ശിഷ്യന്മാർ കുതിരയെ അല്ല എന്നെയാണ് തെരഞ്ഞെടുത്തത്. എന്നെത്തന്നെ അഴിച്ചുകൊണ്ടു ചെല്ലുവാനാണ് അവരോട് ഗുരു നിർദ്ദേശിച്ചിരുന്നത്. കാരണം വ്യക്തം. ജയശാലിയും നീതിമാനും താഴ്മയുള്ളവനുമായ (സെഖ. 9:9) മശിഹാ താഴ്മയുള്ള മൃഗത്തെതന്നെ വാഹനമായി ഉപയോഗിച്ചത് തന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തി.

എന്റെ അനുഭവത്തിലേക്ക് തിരിച്ചുവരട്ടെ. എന്റെ മുത്തച്ഛന്മാരുടെ പിൻതുടർച്ചക്കാരനായ ഞാൻ നല്ല പാരമ്പര്യമുള്ളവനായിരുന്നു എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. എന്നാൽ ആ പാരമ്പര്യം ഒന്നും ഏതുമില്ലാത്തതാണെന്ന് ഞാൻ അറിഞ്ഞു. എന്റെ മുത്തച്ഛന്മാരുടെ പേരിലല്ല ഞാൻ ഇന്ന് അറിയപ്പെടുന്നത്. ഹോശാന ഞായറാഴ്ച ദൈവപുത്രനു വാഹനമാകാൻവേണ്ടി തല കുനിച്ചുകൊടുത്തപ്പോൾ മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി. മറ്റു മൃഗങ്ങളെപ്പോലെ ഞാനും വിലയുള്ളവനാണെന്നോ മനുഷ്യർക്ക് പ്രയോജനമുള്ളവനാണെന്നോ ഉള്ള അറിവല്ല എന്നെ പുതുസൃഷ്ടിയാക്കിയത്. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ദൈവപുത്രന്റെ പീഢാനുഭവത്തിലേക്കുള്ള യാത്രയിൽ അവനെ വഹിച്ചുകൊണ്ടു നടക്കുവാൻ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു എന്നുള്ളതാണ് എന്റെ മാറ്റത്തിന്റെ അടിസ്ഥാനം.

ഈ സാക്ഷ്യം വായിക്കുന്ന എന്റെ യജമാനന്മാരായ മനുഷ്യരോട് എനിക്ക് പറയുവാനുള്ളതും ഇത് മാത്രമാണ്. നിങ്ങളുടെ കുടുംബപാരമ്പര്യമോ ഈ ലോകത്തിൽ നിങ്ങൾ നേടി എന്നു കരുതുന്ന പേരോ പ്രശസ്തിയോ നിങ്ങൾ സമ്പാദിച്ചു എന്നു കരുതുന്ന സ്വത്തുവകകളോ ഒന്നും നിങ്ങൾക്ക് ഒരു ഗുണവും ഉണ്ടാക്കുകയില്ല. ഇവയെല്ലാം നിങ്ങൾക്കു മുന്നമേ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടുപോയേക്കാം. എന്നാൽ നിങ്ങൾ ദൈവപുത്രനെ വഹിക്കുന്നതിനുവേണ്ടി താഴ്മയും വിനയവും ധരിക്കുവാൻ തയ്യാറാകുന്നു എങ്കിൽ നിങ്ങളും നിങ്ങളുടെ തലമുറകളും അനുഗ്രഹിക്കപ്പെടുകയും നിങ്ങളുടെ പേരും പ്രശസ്തിയും എന്നും നിലനിൽക്കുകയും ചെയ്യും.

❖❖❖❖❖❖❖❖❖❖❖❖❖

ചെറുകഥ

ചാക്കോ വർഗ്ഗീസ്
കറ്റാനം സെന്റ് തോമസ് എം.റ്റി.സി.

# പുഞ്ചിരിതൂകുന്ന ചന്ദ്രൻ



ഡിസംബർ മാസത്തിലെ കോരിച്ചൊരിയുന്ന മഞ്ഞണിഞ്ഞ രാവിൽ പുഞ്ചിരിതൂകി നിൽക്കുന്ന ചന്ദ്രന്റെ നിലാവിന്റെ പ്രകാശകിരണങ്ങൾ ഭൂമിയിലേക്ക് അതിന്റെ തേജസ്സ് പരത്തിക്കൊണ്ടിരുന്നു. ഈ ഉലകിൽ വേദനകളെ മറന്ന് പുഞ്ചിരിക്കുവാൻ രണ്ട് പേർക്കേ സാധിക്കൂ. ഒന്ന് പ്രകാശതേജസ് പരത്തുന്ന ചന്ദ്രനും, രണ്ട് തലേദിവസത്തെ മദ്യത്തിന്റെ ലഹരിയുടെ ഗന്ധം വിട്ടുമാറാത്ത കറിയാച്ചനും.

ഇവരുടെ ചിരി മങ്ങിയാൽ ഈ ഉലകം ഇരുണ്ട് പോകും. വിശാലമായ ഏലത്തോട്ടത്തിന്റെ മദ്ധ്യഭാഗത്തായ് ചില്ലിമുളകൊണ്ട് കെട്ടി പുല്ല് മേഞ്ഞ വീട്. അതാണ് കറിയാച്ചന്റെ മണിമാളിക കളിമണ്ണുകൊണ്ട് മെഴുകിയ തറയിൽ ജീർണ്ണിച്ച് പഴകിയ തഴപ്പായ് വിരിച്ച് കറിയാച്ചൻ നിവർന്നുകിടക്കുന്നു. കൂട്ടിനായി ചിതലരിച്ച ഒരു തലയിണയും. എൺപത്തെട്ടിന്റെ ശാരീരികക്ഷീണം മുഖത്തില്ല.

അടുപ്പിൽ മൺചട്ടിയിൽ 'കപ്പ'ക്ഷണങ്ങൾ തിളയ്ക്കുന്ന ശബ്ദം. ആര് സഹായിക്കും ലോകം തുണയ്ക്കുമോ എന്ന ശോകഗാനത്തിന്റെ ഈരടികൾ പാടിക്കൊണ്ട് നിവർന്നുകിടക്കുന്ന കറിയാച്ചൻ. ഓർക്കാപ്പുറത്താണ് കാറിന്റെ ഹോൺമുഴക്കം കേട്ടത്. കറിയാച്ചൻ കിടക്കയിൽനിന്ന് ചാടിയെണീറ്റു. കാർ തന്റെ വീടിന്റെ മുന്നിൽ വന്നുനിന്നതും അല്പം കഴിഞ്ഞ് 'ഡോർ' തുറന്നതും ഒരു അമേരിക്കൻ വനിതയുടെ വേഷവിധാനത്തോടുകൂടിയ ശാലീനസുന്ദരി ആ കാറിൽനിന്നും പുറത്തേക്ക് ഇറങ്ങി. 'പപ്പാ' എന്നുവിളിച്ച് ഓടിവന്ന് കെട്ടിപ്പുണർന്നതും ഒരുമിച്ചായിരുന്നു. കറിയാച്ചൻ ഞെട്ടലോടെ നിന്നുപോയി. തന്റെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകുവാൻ തുടങ്ങി. 'പപ്പായുടെ ലിസ്സിമോളോ...?' പപ്പായെ എത്ര പ്രാവശ്യം ഞങ്ങൾ അമേരിക്കയിലേക്ക് ക്ഷണിച്ചതാ. ടിക്കറ്റും വിസ്സായും പല പ്രാവശ്യം ശരിയാക്കിയതല്ലേ.. എന്നിട്ട് അതൊക്കെ നിരസ്സിച്ചുകളഞ്ഞു.

കഴിഞ്ഞ മാസം ഞങ്ങളുടെ 35-ാമത് വിവാഹ വാർഷികമായിരുന്നു. അതിന് പപ്പാ ഇല്ലാതെപോയതിൽ ഖേദിക്കുന്നു. കറിയാച്ചന്റെ ഹൃദയം തേങ്ങുവാൻ തുടങ്ങി. പറക്കമുറ്റാത്ത അഞ്ച് മക്കളെയും എന്നെ ഏൽപ്പിച്ചിട്ട് ഈ ലോകത്തിൽനിന്നും അവൾ യാത്രപറഞ്ഞു. പിന്നെ ഞാൻ ആരെകാണാൻ അങ്ങോട്ട്. ആ വേദന ഉള്ളിൽ ഒതുക്കിക്കൊണ്ട്, നിശബ്ദയായി നിൽക്കുന്ന മോളുടെ നെറ്റിയിൽ കൂടെക്കൂടെ കറിയാച്ചൻ ചുംബിച്ചുകൊണ്ടിരുന്നു.

കഴിഞ്ഞകാല ജീവിതത്തിലെ ഓർമ്മകൾ ഓരോന്നായ് ഓർത്തുകൊണ്ട് ലിസ്സിമോൾ മുറ്റത്തുകൂടെ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുവാൻ തുടങ്ങി. കുറെ സമയം പിന്നിട്ടപ്പോൾ  പാൻസും സ്യൂട്ടും ടൈയും ധരിച്ച് കറുത്ത കൂളിംഗ് ഗ്ലാസ് വെച്ച് കോമളനായ ചെറുപ്പക്കാരൻ കാറിൽനിന്നും ഇറങ്ങി. ആ ചെറുപ്പക്കാരന്റെ മുഖഭാവം കണ്ടാൽ ഈ ദേശം ഇത്രയും മാറിപ്പോയോ എന്ന് തോന്നിപ്പോകും.

ഈ ചെറുപ്പക്കാരനെ കണ്ടമാത്രയിൽ കറിയാച്ചൻ: 'എന്താടാ സണ്ണീ, ഈ നാടും വഴിയുമൊക്കെ മറന്നോ?'

'അത് പപ്പാ, എനിക്ക് ലീവ് കിട്ടാറില്ലായിരുന്നു. മാത്രമല്ല, പുതുതായി പണിയുന്ന വീടിന്റെയും കാറ് വാങ്ങുന്നതിലുമുള്ള തിരക്കിൽ അതിന് എനിക്ക് കുറെ രൂപായുടെ ആവശ്യം വേണ്ടിവന്നു. അതിന്റെ ഓട്ടമായിരുന്നു.'

'എന്നിട്ട് ഇപ്പോൾ അത് ശരിയായോ?'

'ഇല്ല പപ്പാ, അത് തല്ക്കാലം നിൽക്കട്ടെ. പപ്പായ്ക്ക് സുഖമാണോ?'

'പരമസുഖം'

'എത്ര വർഷങ്ങൾകൊണ്ട് ഞാൻ വിളിക്കുന്നു അവിടെ വന്ന് താമസിക്കാൻ?'

'ഇവിടുത്തെ ഏലത്തോട്ടവും ഈ ചില്ലിമുള

കൊണ്ട് കെട്ടി പുല്ലുമേഞ്ഞവീടും വിട്ട് ഞാനെ ങ്ങോട്ടുമില്ല.'

'അങ്ങനെ പറഞ്ഞാൽ പിന്നെങ്ങനെയാ പപ്പാ? ഈ ഏലത്തോട്ടം നോക്കാൻ ഇന്ന് ആളുവരും. അവർക്കിഷ്ടപ്പെട്ടാൽ അധികം വൈകാതെ ഈ ചില്ലിമുള ഷെഡ് പൊളിച്ചുമാറ്റണം.'

'ആര്? എന്ത്? ആര് വരുമെന്നാ പറഞ്ഞത്? ആ ഇബ്രഹീംകുട്ടി – അയാളുട കൈവശം ധാരാളം പണമായി. മക്കൾ എല്ലാവരും സിങ്കപ്പൂരിലാ. ഇപ്പോൾ വസ്തു വാങ്ങി വിൽക്കുന്നയിടപാടാ.'

കറിയാച്ചൻ ഒന്നും പറഞ്ഞില്ല. കറിയാച്ചൻ കഴിഞ്ഞകാല ജീവിതത്തിന്റെ ചക്രങ്ങൾ ഒന്നു തിരിച്ചുകറക്കുവാൻ തുടങ്ങി. രാവെളുക്കുന്നതുവരെ മണ്ണിനോട് മല്ലടിച്ച് രക്തം വിയർപ്പാക്കി മുഴുവയർ അരവയറാക്കി എല്ല് മുറുകെ പണി ചെയ്ത് മക്കളെ വളർത്തിയതിന്റെ 'യൗവ്വന'കാലം ഓർക്കുമ്പോൾ അതെല്ലാം 'ഇതൾ' അടർന്നുവീണ വൃക്ഷത്തിലെ ചില്ലികൾപോലെ ശൂന്യതയുടെ അനുഭവം ഈ ചില്ലിമുള വീട്ടുമുറ്റത്ത് ഓടിച്ചാടി കളിച്ചുവളർന്ന മക്കൾ – അഞ്ചുപേരും ഇന്ന് അമേരിക്കയിൽ ആർഭാടജീവിതം നയിക്കുന്നു. താൻ ജന്മം നൽകിയ മക്കൾക്ക് ഞാൻ ഇന്ന് അധികപ്പറ്റാണ്. വാർദ്ധക്യം കടന്നുകൂടിയ അപ്പനെ ചില്ലിമുള വീട്ടിൽ ഉപേക്ഷിച്ചിട്ട് അവർ അമേരിക്കയുടെ ഹൃദയകവാടത്തിൽ ജീവിതം കെട്ടിപ്പൊക്കുവാൻ ആർത്തിപൂണ്ട് യാത്ര തുടർന്നു.

തന്റെ മക്കളുടെ അഭിമാനം കാത്തുസൂക്ഷിക്കുവാൻ കറിയാച്ചൻ ഒരുവഴി തെരഞ്ഞെടുത്തു. ഈ ഏലത്തോട്ടവും ചില്ലിമുളവീടും വിട്ട് ഞാൻ ഒരിടത്തേക്കും പോകുന്നില്ല. അഗതിമന്ദിരങ്ങളിൽ തന്റെ പ്രായത്തിലുള്ള ഓരോരുത്തരായി അഭയം തേടിയപ്പോഴും കറിയാച്ചൻ തന്റെ ചില്ലിമുളവീട് അതിമനോഹരമാക്കിത്തീർത്തു. ഈ തോട്ടത്തിൽ ലിസ്സിമോൾ ചാടിക്കളിച്ചു നടന്നത് കറിയാച്ചൻ ഓർത്തുപോയ്.

ഇനിയും ഒരിക്കൽപോലും അവൾക്ക് ഈ തോട്ടത്തിൽ ഓടിനടക്കുവാൻ അവകാശം ഇല്ലാതായ്പ്പോയല്ലോ? കറിയാച്ചൻ തന്റെ പുല്ലുകൊണ്ട് മേഞ്ഞ വീടിന്റെ മൂലയിൽ സൂക്ഷിച്ചിരുന്ന പഴകിയ ഇരുമ്പുപെട്ടി എടുത്ത് ഒരു കയ്യിൽ തൂക്കി. മറുകയ്യിൽ പിടിയില്ലാത്ത പഴക്കംചെന്ന കുടയും എടുത്ത് പതുക്കെ ആ വീട്ടിൽനിന്നും പുറത്തേക്ക് ഇറങ്ങി. 'പപ്പാ, എന്താ ഇത്? എവിടേക്കാ പോണത്? എങ്ങോട്ടാ ഈ യാത്ര?'

ചോദ്യങ്ങൾക്ക് കറിയാച്ചൻ ഉത്തരം പറയാൻ നിന്നില്ല. തോട്ടത്തിന്റെ അറ്റത്ത് ചെന്നിട്ട് സാവധാനം ഒന്നു തിരിഞ്ഞുനോക്കി. ആഡംബരജീവിതം നയിക്കുന്ന മകൻ സ്തംഭിച്ചുനിന്നുപോയി.

കറിയാച്ചൻ മകനെ നോക്കിച്ചിരിച്ചു. ഹൃദയം പൊട്ടുന്ന വേദനയും പരിഹാസവും പുച്ഛവും ഇടകലർന്ന പുഞ്ചിരിയും. അയാൾ മുഖം കുനിച്ചു. കറിയാച്ചൻ പതുക്കെ ആകാശത്തേക്ക് നോക്കി. ആകാശ ചക്രവാളങ്ങൾക്കിടയിൽ അപ്പോഴും ചന്ദ്രന്റെ പുഞ്ചിരി കൂടിക്കൊണ്ടിരുന്നു.

❖

**പുതുതായി ഭദ്രാസനത്തിൽ ചുമതലയേറ്റ വൈദീകർ**

**റവ. റെക്സ് തോമസ് തോമസ്, കറ്റാനം സെന്റ് തോമസ്. ഫോൺ: 94468774169**

**റവ.വിപിൻ തോമസ്, ഐരാണിക്കുടി & പാറ്റൂർ ഫോൺ: 949837094**

## അടൂർ ഭദ്രാസന കൺവൻഷൻ ഗാനങ്ങൾ 2020 & റൂബി ജൂബിലി തീം സോംഗ്

2020 ജനുവരി 1 മുതൽ 5 വരെ നടത്തപ്പെടുന്ന 36–ാമത് അടൂർ ഭദ്രാസന കൺവൻഷനിലേക്ക് കുടുംബദൃഢീകരണം (Family Emboldening) എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്രിസ്തീയ ദർശനവും സംഗീതമൂല്യവുമുള്ള പുതിയ കൺവൻഷൻ ഗാനങ്ങൾ ക്ഷണിക്കുന്നു. ഗാനങ്ങളുടെ വരികൾ എഴുതിയതും ഈണം സിഡിയിൽ പകർത്തിയും (MP3 Format) രചന, സംഗീത ഇവ നിർവ്വഹിച്ചവരുടെ പൂർണ്ണ വിലാസത്തോടുകൂടി 2019 നവംബർ 1–ന് മുൻപ്, The Adoor Diocesan Convention Choir Committee, Hermon Aramana, Adoor, Pathanamthitta District, Kerala, India - 691 523 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പ്രസ്തുത ഗാനങ്ങൾ ഇതിനുമുൻപ് പ്രസിദ്ധപ്പെടുത്താത്തതായിരിക്കണം. ഗാനങ്ങളുടെ വരികളും ഈണവും വ്യത്യാസപ്പെടുത്തുന്നതിനു കമ്മിറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

അടൂർ ഭദ്രാസനത്തിന്റെ റൂബി ജൂബിലി പ്രോഗ്രാമുകൾക്കായി **"കുടുംബ ദൃഢീകരണം"** എന്ന വിഷയം അടിസ്ഥാനപ്പെടുത്തിയുള്ള **'തീം സോംഗ്'** മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ച് അയച്ചുതരണമെന്നും അഭ്യർത്ഥിക്കുന്നു.

അടൂർ ഭദ്രാസന കൺവൻഷൻ ഗായകസംഘത്തിന്റെ ശബ്ദപരിശോധന 2019 ഒക്ടോബർ 20 ഞായർ ഉച്ചയ്ക്ക് 2.30 ന് അടൂർ സ്പിരിചാലിറ്റി സെന്ററിൽ നടക്കുന്നതാണ്. ക്രിസ്തീയ കീർത്തനങ്ങൾ 43–ാം ഗീതം (ശ്രീയേശു നാമം അതിശയനാമം ഏഴയെനിക്കിമ്പനാമം) പാടേണ്ടതാണ്.

**റവ. സാം ഏബ്രഹാം** (ചെയർമാൻ, ക്വയർ കമ്മിറ്റി) 9567777212

പാചകവീഥി

# റൊട്ടി പുഡ്ഡിംഗ്



സുമ ജോർജ്ജ്
പന്തളം എം.റ്റി.സി.



ആവശ്യമുള്ള സാധനങ്ങൾ

| | | |
|---|---|---|
| 1) | റൊട്ടി ചെറിയ കഷണങ്ങളായി നുറുക്കി പുറംതോല് കളഞ്ഞത് | - 4 സ്ലൈസ് |
| 2) | മുട്ട | - 2 എണ്ണം |
| 3) | പാൽ | - 1 കപ്പ് |
| 4) | പഞ്ചസാര | - 1 ടേബിൽ സ്പൂൺ |
| 5) | ബട്ടർ | - അര ടീസ്പൂൺ |
| 6) | വാനില എസ്സൻസ് | - 1 ടീസ്പൂൺ |
| 7) | അണ്ടിപ്പരിപ്പ് ചെറുതായി അരിഞ്ഞത്, കിസ്മിസ് | - 1 ടേബിൾസ്പൂൺ വീതം |
| 8) | ഏലയ്കാകപ്പൊടി | - അര ടീസ്പൂൺ |

## തയ്യാറാക്കുന്ന വിധം

മുട്ട പതപ്പിച്ച് പാലും പഞ്ചസാരയും ബട്ടറും വാനില എസ്സൻസും ഏലയ്ക്കാപൊടിയും ചേർത്ത് നന്നായി യോജിപ്പിക്കുക. ഒരു പുഡ്ഡിംഗ്പാത്രത്തിൽ അല്പം ബട്ടർ തേച്ചുപിടിപ്പിച്ച ശേഷം റൊട്ടിക്കഷണങ്ങളും ഇട യ്ക്കിടെ അണ്ടിപ്പരിപ്പും മുന്തിരിങ്ങയും നിരത്തി അതിനു മുകളിലേക്ക് കൂട്ട് ഒഴിക്കുക. നല്ല ബട്ടർപേപ്പർ കൊണ്ടു പാത്രത്തിന്റെ വായ്ഭാഗം നന്നായി കെട്ടുക. അപ്പച്ചെമ്പിന്റെ തട്ടിൽ വച്ച് അരമണിക്കൂർ പുഴുങ്ങിയെടുക്കുക.

# കാരറ്റ് കേക്ക്



ആവശ്യമുള്ള സാധനങ്ങൾ

| | | |
|---|---|---|
| 1) | കാരറ്റ് ഗ്രേറ്റ് ചെയ്തത് | - 2 കപ്പ് |
| 2) | ഈന്തപ്പഴം ചെറുതായി അരിഞ്ഞത് | - 2 കപ്പ് |
| 3) | എണ്ണ (ഗോൾഡ് വിന്നർ/നെയ്യ്) | - 1¼ കപ്പ് |
| 4) | പഞ്ചസാര | - 1½ കപ്പ് |
| 5) | മുട്ട | - 4 എണ്ണം |
| 6) | മൈദ | - 2 കപ്പ് |
| 7) | സോഡാപൊടി | - 1 ടീസ്പൂൺ |
| 8) | കറുവാപ്പട്ട പൊടിച്ചത് | - 1 ടീസ്പൂൺ |
| 9) | ഉപ്പ് | - ഒരു നുള്ള് |

## തയ്യാറാക്കുന്ന വിധം

ഒരു പാത്രത്തിൽ മുട്ട പൊട്ടിച്ചൊഴിച്ച് മൂന്ന് മിനിറ്റ് അടിക്കുക. പഞ്ചസാര ചേർത്ത് അലിയുന്നതുവരെ അടിക്കുക. ഇതിലേക്ക് ക്യാരറ്റ് ഗ്രേറ്റ്, ഈന്തപ്പഴം, മൈദ എന്നിവ ഓരോന്നായി ചേർത്ത് കൈകൊണ്ട് യോജിപ്പി ക്കുക. നേരത്തെ ചൂടാക്കിയിട്ടിരിക്കുന്ന ഓവനിലെ പാത്രത്തിലൊഴിച്ച് 180 ഡിഗ്രിയിൽ ഒരു മണിക്കൂർ ബേക്ക് ചെയ്യുക. ഫ്രിഡ്ജിൽ വെച്ച് തണുപ്പിച്ചശേഷം ഉപയോഗിക്കുക

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, പരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും 2019 നവംബർ 20-നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2020 ജനുവരി – മാർച്ച്**

**വിഷയം : വിഷൻ 2020**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ്- 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ- 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി: റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ**

1. അലീന ജോൺസൺ, കലയപുരം ശാലേം
2. പി.ജി. തോമസ്, കോഴിക്കോട് സെന്റ് തോമസ്
3. മോളി കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
4. ജോമോൾ ജോൺ, താമരക്കുളം സെന്റ് തോമസ്
5. സോണി സുരേഷ്, ചുനക്കര സെന്റ് തോമസ്
6. നിഷ റ്റി. മാത്യു, കുളക്കട സെന്റ് തോമസ്
7. നിഷ സൂസൻ മാത്യു, പള്ളിക്കൽ സെന്റ് തോമസ്
8. രേഷ്മ ലിജു, വാത്തികുളം ബഥേൽ
9. ലിനു കെ. യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ
10. പ്രിൻസി പി, പിറവന്തൂർ സെന്റ് തോമസ്
11. കെ.എസ്. തോമസ്, ചുനക്കര സെന്റ് തോമസ്
12. പ്രിൻസി ബാബു, തേവലക്കര ഹെബ്രോൻ
13. ലീലാമ്മ സൈമൺ, ചുനക്കര സെന്റ് തോമസ്
14. ഏലിയാമ്മ വർഗ്ഗീസ്, വെട്ടിയാർ സെന്റ് തോമസ്
15. ആനി ദാനിയേൽ, കൊറ്റനല്ലൂർ ശാലേം
16. ഗ്രേസി വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
17. ലില്ലി തോമസ്, ചാച്ചിപ്പുന്ന ശാലേം
18. ഗ്രേസി വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
19. റാഹേലമ്മ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
20. കെ. പാപ്പച്ചൻ, തേവലക്കര ഹെബ്രോൻ
21. ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം എം.റ്റി.സി.
22. ഏലിയാമ്മ ജേക്കബ്, വാത്തിക്കുളം ബഥേൽ
23. ലിസി സാമു, താന്നിക്കുന്ന് സെഹിയോൻ എം.റ്റി.സി.
24. റിൻസി റെജി, വാത്തിക്കുളം ബഥേൽ
25. ലിമാ ജേക്കബ്, വാത്തിക്കുളം ബഥേൽ
26. മേരിക്കുട്ടി ഏബ്രഹാം, വാത്തിക്കുളം ബഥേൽ
27. ആനി അലക്സാണ്ടർ, കറ്റാനം സെന്റ് തോമസ്
28. സി. കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
29. ലീലാമ്മ തോമസ്, ചൂരക്കോട് സെന്റ് തോമസ്
30. തോമസ് ഒ, വാത്തിക്കുളം ബഥേൽ
31. മോളി ജേക്കബ്, കറ്റാനം സെന്റ് തോമസ്
32. എൽസി ജേക്കബ്, പത്തനാപുരം ഇമ്മാനുവേൽ
33. സുനി സജു, ചുനക്കര സെന്റ് തോമസ്
34. ലളിത ജെയിംസ്, ചുനക്കര സെന്റ് തോമസ്
35. റെയ്ച്ചൽ ചാക്കോ, കൂടൽ ബഥേൽ
36. കോശി എം. തോമസ്, പുതുവൽ സെന്റ് തോമസ്
37. ജോളി റിനു, ഞക്കനാൽ ശാലേം എം.റ്റി.സി.
38. റീനാ ബിജി, കണ്ണങ്കോട് എം.റ്റി.സി.
39. റെനി കോശി, ചൂരക്കോട് സെന്റ് മാത്യൂസ്
40. റോസമ്മ ബേബി, ഏനാത്ത് എം.റ്റി.സി.
41. സാലി ഷാജി, കൊറ്റനല്ലൂർ ശാലേം
42. ചാക്കോ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
43. തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
44. സീന സജി, കുറത്തികാട് സെന്റ് തോമസ്
45. ബീന ജേക്കബ്, ചുനക്കര സെന്റ് തോമസ്
46. സ്റ്റാൻലി ശമുവേൽ, താമരക്കുളം സെന്റ് തോമസ്
47. ഗ്രേസി തോമസ്, ചുനക്കര സെന്റ് തോമസ്
48. മറിയാമ്മ വർഗ്ഗീസ്, ചുനക്കര സെന്റ് തോമസ്
49. കെസിയ വി. ലിജു, പിറവന്തൂർ സെന്റ് തോമസ്
50. സൂസമ്മ കോശി, പിറവന്തൂർ സെന്റ് തോമസ്
51. ഓമന ഏബ്രഹാം, കുറത്തികാട് യെരുശലേം
52. ജിജി ബാബു, ചുനക്കര സെന്റ് തോമസ്
53. ജോസ് വൈ., കായംകുളം ശാലേം
54. വത്സമ്മ മാത്യു, കണ്ണങ്കോട് എം.റ്റി.സി.
55. സൂസമ്മ ജേക്കബ്, കൊല്ലക സെന്റ് തോമസ്
56. റ്റിനു കെ. ഉമ്മൻ, ഞക്കനാൽ ശാലേം
57. ജെസ്സി ജോൺസൺ, ഏനാത്ത് എം.റ്റി.സി.
58. മറിയാമ്മ ജോർജ്ജ്, തേവലക്കര എം.റ്റി.സി.
59. ഗീതാ പി. സൈമൺ, കോഴിക്കോട് സെന്റ് തോമസ്
60. കെ.ഒ. ശമുവേൽകുട്ടി, മുട്ടം ശാലേം
61. സാറാമ്മ ജോൺ, കായംകുളം ശാലേം
62. ജെസ്സി സതീഷ്, തേവലക്കര വലിയപള്ളി
63. സൂസമ്മ ജോൺ, കായംകുളം ശാലേം
64. ശോശാമ്മ ഉമ്മൻ, തേവലക്കര വലിയപള്ളി
65. ഡോ. ലേയാ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്
66. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
67. അമ്മുക്കുട്ടി ജോൺ, കൊടുമൺ സെഹിയോൻ
68. ലീലാമ്മ രാജൻ, തേവലക്കര ഇമ്മാനുവേൽ
69. റ്റി. ജോഷ്വാ, പറക്കോട് ഇമ്മാനുവേൽ
70. മോളി ജോൺ, ചുനക്കര സെന്റ് തോമസ്
71. അന്നമ്മ തോമസ്, കോഴിക്കോട് സെന്റ് തോമസ്
72. സിസി തോമസ്, കൊടുമൺ സെഹിയോൻ
73. തങ്കമ്മ ജോർജ്ജ്, ചൂരക്കോട് സെന്റ് മാത്യൂസ്
74. ഷേർലി സാം ജോർജ്ജ്, കൊടുമൺ സെഹിയോൻ
75. സൂസി ബിനോയി, വെസ്റ്റ് കല്ലട ഇമ്മാനുവേൽ
76. ജെസ്സി റെജി, കൊടുമൺ സെഹിയോൻ
77. അന്നമ്മ കോശി, ഐരാണിക്കുടി ഇമ്മാനുവേൽ
78. എലിസബത്ത് ജോൺസൺ, കൊല്ലക സെന്റ് തോമസ്
79. സോഫി ജോൺ, കുളക്കട സെന്റ് തോമസ്
80. ഷോബി ബിജു, തുരുത്തിക്കര ഇമ്മാനുവേൽ
81. ഷിജു ഏബ്രഹാം, കുറത്തികാട് യെരുശലേം
82. അഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട
83. എലിസബത്ത് സ്റ്റീഫൻ, പന്തളം എം.റ്റി.സി.
84. അബ്രാം ജെയിംസ് ഷിജു, കുറത്തികാട് യെരുശലേം
85. ആരോൺ ഏബ്രഹാം ഷിജു, കുറത്തികാട് യെരുശലേം
86. റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. സാക്ഷികൾ ആകുവിൻ
2. ക്രിസ്തുസാന്നിദ്ധ്യം
3. സാമൂഹ്യബന്ധത്തിൽ
4. യഥാർത്ഥ ക്രിസ്ത്യാനി
5. ആരോഗ്യകരമായ ജനാധിപത്യം
   സമൂഹത്തെ ശക്തിപ്പെടുത്തുന്ന രീതിയിൽ
6. നമ്മുടെ കടമകൾ
7. ദൈവീക നന്മയുടെ

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ഭൂമിയുടെ സന്തുലിതാവസ്ഥ ഹനിക്കുന്നതിന്റെ ഫലം എന്താണ്?
2. 2020 എന്തു വർഷമായി ക്രമീകരണം ചെയ്യുന്നു?
3. കടം എന്താണ്?
4. ആരാണ് ദൈവത്തിന്റെ പ്രതിരൂപം?
5. ലോകം കണ്ട മഹാ വ്യക്തിത്വം ആരാണ്?
6. എന്തിന്റെ പനിനീർതുള്ളികളാണ് കണ്ണുകളിൽനിന്നും പൊഴിയേണ്ടത്?
7. മനസ്സിനെ എങ്ങനെ നിർത്തണം?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2019 നവംബർ 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. – **എഡിറ്റർ**



**ഷിൻസി തോമസ്**
**തേവലക്കര ഇമ്മാനുവേൽ**



# വിശ്വാസ രൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്

**ക്രി**സ്തീയഭവനം ഒരു അദ്ധ്യാത്മിക പാഠശാലയാണ്. കുഞ്ഞുങ്ങൾക്ക് ഭൗതികാവശ്യങ്ങൾ നൽകുന്നതോടൊപ്പം വിശ്വാസവും അദ്ധ്യാത്മിക പരിപോഷണവും ലഭിക്കണം. മാതാപിതാക്കളിൽനിന്നും കിട്ടുന്ന സ്വാധീനം അവരെ ആയുഷ്പര്യന്തം നിയന്ത്രിക്കുന്നതായിരിക്കും. ശാരീരികം, മാനസികം, ആത്മീകം എന്നീ മൂന്ന് വിധത്തിൽ പൈതങ്ങൾ വികാസം പ്രാപിക്കേണ്ടതിന്റെ അടിസ്ഥാനം ഭവനത്തിൽനിന്നും ലഭിക്കേണ്ടതാണ്.

വേദഭാഗം നാം നോക്കുമ്പോൾ രണ്ട് കുടുംബങ്ങളുടെ ചിത്രം നമുക്ക് കാണാൻ കഴിയും. ഒന്ന് ശമുവേൽബാലന്റെ കുടുംബവും, മറ്റേത് നസ്രത്തിലെ കുടുംബവും. ദൈവദർശനം പ്രാപിച്ച മാതാപിതാക്കളായിരുന്നു അവർ. ഹന്ന ഒരു മകനുവേണ്ടി ദുഃഖത്തോടെ പ്രാർത്ഥിച്ചു. മറിയ ദൈവനിയോഗം അനുസരിച്ചു തന്നെത്തന്നെ വിധേയയാക്കി. രണ്ട് കുടുംബത്തിൽ ജനിച്ച ശിശുക്കൾക്കും ദൈവീകമായ അറിവിലും പരിശീലനത്തിലും മുതിരുവാൻ കഴിഞ്ഞു. മാതാപിതാക്കൾ ഭൗതികമായ പരിരക്ഷ മാത്രം കരുതിയാൽ പൈതങ്ങളുടെ ആത്മീകഭാവി ഇരുണ്ടുപോകും. അതിനാൽ മാതാപിതാക്കളും ഭവത്തിലെ സാഹചര്യങ്ങളും ആത്മീകജീവിത വളർച്ചയ്ക്ക് സഹായകമാകേണ്ടതാണ്. സന്നായുടെ മനോനൊമ്പരവും മറിയയുടെ ആത്മത്യാഗപരമായ സമർപ്പണവും ശിശുക്കളുടെ ഭാവി അനുഗ്രഹകരമാക്കി എന്നു നാം കാണുന്നു.

ശമുവേൽ ബാലനെ ഹന്ന ശിലോവിൽ ദൈവാലയത്തിൽ സമർപ്പിക്കുന്നു. അതുപോലെ ന്യായപ്രമാണ വിധിക്കൊത്തു യേശുവിനെയും സമർപ്പിക്കുന്നു. ദൈവദാനത്തെ ദൈവമുണ്ടാകെ സമർപ്പിച്ചു ദൈവത്തിനായി വളർത്താൻ ഭരമേൽക്കുകയാണ് ചെയ്യുന്നത്. മാമോദീസാ ഏറ്റ കുഞ്ഞുങ്ങളെ ദൈവബന്ധത്തിൽ വളർത്തി പരിപാലിക്കാനുള്ള ചുമതല മാതാപിതാക്കൾക്കുമുണ്ടെന്നു ഓർക്കേണ്ടതാണ്.

കുടുംബ പ്രാർത്ഥന, വേദവായന, ഔദാര്യദാനം, പരസ്യാരാധന, സൺഡേസ്കൂൾ തുടങ്ങിയ പരിപോഷക സംരംഭങ്ങളിൽ പൈതങ്ങൾ സംബന്ധിച്ചു വികാസം നേടുവാൻ ഇട ലഭിക്കേണ്ടതാണ്. പ്രാർത്ഥനാജീവിതം, മദ്യപാനവിരക്തി ഇവ തന്റെ മാതാവിൽനിന്നുമാണ് താൻ തുടരുന്നതെന്ന് എബ്രഹാം ലിങ്കൺ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ജോൺ ഹൈഡ് എന്ന പ്രസിദ്ധ മിഷനറി പ്രാർത്ഥനാവീരനായിത്തീർന്നത് പിതാവിന്റെ മാതൃക പിന്തുടർന്നതിലാണ്. അതിനാൽ കുഞ്ഞുങ്ങൾക്ക് വീടുകളിൽ ആത്മീകജീവിതത്തിന്റെ അസ്തിവാരമിട്ടു വളർത്തേണ്ടത് ആവശ്യമാണ്.

യേശു പതിവായി ദേവാലയത്തിൽ പോയിരുന്നു. വേദഭാഗത്ത് പന്ത്രണ്ടാം വയസ്സിൽ ദൈവാലയത്തിൽ പോയ ചരിത്രം പ്രസ്താവിക്കുന്നു. കുഞ്ഞുങ്ങളുമായി ആരാധനയിൽ മുറയ്ക്ക് പങ്കെടുക്കുമ്പോൾ അവർക്ക് അതിൽ അഭിരുചി വർദ്ധിക്കുവാനിടയാകും. യേശു ബാലൻ ദൈവാലയത്തിൽ ന്യായപ്രമാണസംബന്ധമായ ചർച്ചകളിൽ ഏർപ്പെട്ടിരുന്നതായി നാം വായിക്കുന്നു. ബാലന്റെ താല്പര്യം മനസ്സിലാക്കാത്ത മാതാപിതാക്കൾ അവനെ മറ്റു ചിലേടത്താണ് തിരക്കിയത്. അശ്രദ്ധമൂലം അവർ പരിഭ്രമിച്ചുകഴിഞ്ഞു. പൈതങ്ങളെ ശ്രദ്ധിക്കാതെ പണം നേടാനും ഇതര വ്യാപാരങ്ങളിൽ മുഴുകുവാനും ശ്രമിക്കുമ്പോൾ വലിയ നഷ്ടമാണ് വരുത്തുന്ന് എന്നോർക്കണം. അതിനാൽ പ്രാർത്ഥനയിലും ആരാധനയിലും പങ്കെടുത്തു ആത്മീകതാല്പര്യം വർദ്ധമാനമാക്കാൻ ശ്രമിക്കാം. ❒

# 36–മത് ഭദ്രാസന കൺവൻഷൻ

**2020 ജനുവരി 1 ബുധൻ മുതൽ 5 ഞായർ വരെ, കൺവൻഷൻ നഗർ അടൂർ**

**പ്രസംഗകർ**

**നി.വ.ദി.ശ്രീ.ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
**നി.വ.ദി.ശ്രീ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ**
**നി.വ.ദി.ശ്രീ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**
**റവ. എ.റ്റി.സഖറിയ, റവ. ഡോ. ജോൺ ഫിലിപ്പ് എ.**
**റവ. കെ. തോമസ്, റവ. അലക്സ് പി. ജോൺ, റവ. ബോബി മാത്യു**
**ഡോ. തോമസ് ജോർജ്ജ്, സി.എസ്.എസ്.എം. ടീം**

**യോഗവിവരം**

പൊതുയോഗം – എല്ലാദിവസവും വൈകിട്ട് 6.30ന്
സൺഡേസ്കൂൾ യോഗം – വ്യാഴം രാവിലെ 10 ന്, യുവവേദി – വ്യാഴം ഉച്ചയ്ക്ക് 2 ന്
സന്നദ്ധ സുവിശേഷകസംഘം – വെള്ളി രാവിലെ 10 ന്, സേവികാസംഘം – ശനി രാവിലെ 10 ന്
എ.എ. സമ്മേളനം – വെള്ളി ഉച്ചയക്ക് 2 ന്, ബസ്കിയാമ്മാ സമ്മേളനം – ശനി ഉച്ചയ്ക്ക് 2 ന്

**വരുവിൻ!! വചനം കേട്ട് അനുഗ്രഹം പ്രാപിപ്പിൻ!!**

## വാർത്തകൾ

### പകൽവീട്

വാർദ്ധക്യത്തിലും ഏകാന്തതയിലും കഴിയുന്ന മാതാപിതാക്കൾക്ക് കൂട്ടായ്മയുടെ വലംകരം നൽകുന്ന ഭദ്രാസനത്തന്റെ പുത്തൻ പ്രവർത്തന മേഖല

എല്ലാ നാലാം ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ 12 മണി വരെ
അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

### കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### കോർ ഗ്രൂപ്പ് യൂത്ത് ഫെല്ലോഷിപ്പ്

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, വൈകിട്ട് 6.30 മുതൽ

### മുഴുരാത്രി പ്രാർത്ഥന

എല്ലാ മൂന്നാം വെള്ളിയാഴ്ചയും, അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

### പെയിൻ & പാലിയേറ്റീവ്

എല്ലാ 4–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### അനുഗ്രഹ ഡീ–അഡിക്ഷൻ ക്യാമ്പ്

2019 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 1വരെ
അനുഗ്രഹ ഡി – അഡിക്ഷൻ സെന്റർ, സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ

# ജന്മദിനാശംസകൾ



അഭിവന്ദ്യ ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പാ

നവംബർ 25



അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ

ഡിസംബർ 13



അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ

ഡിസംബർ 5

## ഭദ്രാസനത്തിലെ പുതുതായി പട്ടമേറ്റ വൈദികർക്ക് ആശംസകൾ...



**റവ. റോബിൻ രാജു**
പന്തളം എം.റ്റി.സി.



**റവ. സിബിൻ ശിശുമണി**
കുളക്കട സെന്റ് തോമസ്



**റവ. എബി ഉമ്മൻ**
തുരുത്തിക്കര ഇമ്മാനുവേൽ

## അഭിനന്ദനങ്ങൾ...



യൂണിവേഴ്സിറ്റി ഓഫ് ബെസ്റ്റ് മിനിസ്റ്റർ (യു.കെ.) നിന്നും ബയോമെറ്റീരിയൽസ് ഫോർ ടിഷ്യൂ എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് നേടിയ **ക്രിസ്റ്റി തോമസ്**
എലിക്കാട്ടൂർ മാർത്തോമ്മാ ഇടവകയിൽ ശ്രീ. സി.എസ്. തോമസിന്റെയും ശ്രീമതി. ഏലിയാമ്മയുടെയും മകൾ



നെതർലാന്റിലെ യൂണിവേഴ്സിറ്റി ട്വിന്റിൽനിന്നും നാനോ ടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ
**ഡിലു ജോർജ്ജ് മാത്യു**
കണ്ണങ്കോട് മാർത്തോമ്മാ ഇടവകയിൽ ശ്രീ. ജോർജ്ജ് മാത്യുവിന്റെയും വത്സമ്മ മാത്യുവിന്റെയും മകൻ



അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ നടന്ന ഇൻവെൻഷൻ & ഇനോവേഷനിൽ വേൾഡ് കൺഫിഡറേഷൻ ഓഫ് ബിസിനിസിന്റെ അവാർഡിന് അർഹനായ
**മനോദ് മോഹൻ**
അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗം

**പത്തനാപുരം ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയും കൊടുമൺ മാർത്തോമ്മാ ഇടവകയും സംയുക്തമായി പൂതങ്കര മിഷനിൽ ക്രമീകരിച്ച പഠനോപകരണ വിതരണം**





## We help you sell smarter, better and faster

A full suite of sales productive C.R.M tool that tracks, connects and automates the entire operational and sales activities of business at fingertips.

- Lead Capturing
- Order Placement
- Route Management
- Location Tracking
- Target Management
- Collection Management



## Awards

Salesfokuz has bagged national and international awards back-to-back within a short span for its innovation and contribution in the field of sales force automation.








## Industries

- BFSI Sector
- Distribution Sector
- Real Estate
- Automobile
- FMCG
- Pharmaceutical & Dental Distribution
- Manufacturing Sector
- Service Industry

Trusted By Industry Leaders

CSB Bank | Saraswat Bank | ESAF | aizar | skyfoam

salesfokuz™
Track Connect Automate

INDIA - MIDDLE EAST - USA

www.salesfokuz.com
+91-755 9841222

48/1994-A, Chalikkavattom,
Rice Research Road, Ponnurunni,
Vyttila P.O, Kochi - 682019


Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas